# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## മൈലം ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2019-2020

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കൊല്ലം.-691001

ഇ-മെയിൽ: doklm.ksad@kerala.gov.in

ഫോൺ : 0474-2740141

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ് എ കെ എൽ എം.പി-11/757/2021
തി:29 -06 -2021

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കൊല്ലം.-691001
തീയ്യതി: 01/07/2021
ഇ-മെയിൽ: doklm.ksad@kerala.gov.in
ഫോൺ: 0474-2740141

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
മൈലം ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : മൈലം ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം മൈലം ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1,2,3 എന്നിവയിലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/ തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ച് തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കൊല്ലം.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ് എ കെ എൽ എം.പി-11/757/2021 തീയ്യതി: 01/07/2021
തി:29 -06 -2021

## കൊല്ലം ജില്ലയിലെ മൈലം ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കൊല്ലം ജില്ലയിലെ മൈലം ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-02-2020 മുതൽ 31-03-2021 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, 01-02-2020 മുതൽ 31-03-2020 വരെ വിവിധ അക്കൗണ്ടുകളിൽ നിന്നും നടത്തിയിട്ടുള്ള പണം പിൻവലിക്കൽ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 17 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 10 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽന്മേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ.കെ.സൈമൺ | ഡെപ്യൂട്ടി ഡയറക്ടർ | 18-06-2021 | 25-06-2021 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 18-06-2021 | 25-06-2021 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

1.ശ്രീ. ജി. സജികുമാർ, ഓഡിറ്റ് ഓഫീസർ(ഹ.ഗ്രേ.)
2.ശ്രീമതി. സിജാറാണി. എസ്, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
3.ശ്രീ. അരുൺകുമാർ. എ), അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
4.ശ്രീ. രാജൻ. വി. ഡി, സീനിയർ ഗ്രേഡ് ഓഡിറ്റർ
5.ശ്രീമതി. ജയകുമാരിഅമ്മ. ജി, സീനിയർ ഗ്രേഡ് ഓഡിറ്റർ

(ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി. ഗിരിജാമുരളീധരൻ | പ്രസിഡന്റ് | 01-04-2019 | 31-03-2020 |
| ശ്രീ. ജോണി .പി | സെക്രട്ടറി | 01-04-2019 | 31-05-2019 |
| ശ്രീമതി. ഐ. അനിതകുമാരി | സെക്രട്ടറി-ഇൻ-ചാർജ്ജ് | 01-06-2019 | 17-07-2019 |
| ശ്രീ. ടി. ശിവകുമാർ | സെക്രട്ടറി | 18-07-2019 | 31-03-2020 |

നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി. ഐ.അനിതകുമാരി | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2019 | 31-03-2020 |
| ശ്രീമതി. അനുദേവ വി.എസ് | അസിസ്റ്റന്റ് എഞ്ചിനീയർ | 01-04-2019 | 31-03-2020 |
| ശ്രീ.ശിഖിൽരാജ് | വി.ഇ.ഒ (മൈലം സർക്കിൾ) | 01-04-2019 | 31-03-2020 |
| ശ്രീമതി.രാജിമോൾ.ആർ | വി.ഇ.ഒ(പള്ളിക്കൽ സർക്കിൾ) | 01-01-2020 | 31-03-2020 |
| ശ്രീമതി.ചിത്ര കെ.ആർ | കൃഷി ഓഫീസർ | 01-04-2019 | 31-03-2020 |
| ശ്രീമതി.വിനിത ബേബി ജേക്കബ് | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 01-04-2019 | 31-03-2020 |
| ഡോ. രാജീവ് എം | വെറ്റിനറി സർജൻ | 01-04-2019 | 29-01-2020 |
| ഡോ.ദീപ ഗോപിനാഥ് | വെറ്റിനറി സർജൻ | 29-01-2020 | 31-03-2020 |
| ഡോ.രമാദേവി എ.ബി | മെഡിക്കൽ ഓഫീസർ ആയുർവേദം | 01-04-2019 | 31-03-2020 |
| ഡോ. ദീപ എസ് ആർ | മെഡിക്കൽ ഓഫീസർ അലോപ്പതി | 01-04-2019 | 31-03-2020 |
| ശ്രീ.ജെയിംസ് ജോർജ് | ഹെഡ്മാസ്റ്റർ | 01-04-2019 | 31-03-2020 |
| ശ്രീമതി.മീര വി.ആർ | ഡയറി ഫാം ഇൻസ്ട്രക്ടർ | 01-04-2019 | 31-03-2020 |

ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ്<br>Written By: Jayakumari Amma G (Senior Grade Auditor, On 24-06-2021)<br>Last Updated By: Naseer S (Computer Assistant, On 30-06-2021) | 1-1 |
| 2 | വാർഷികധനകാര്യപത്രിക<br>Written By: Jayakumari Amma G (Senior Grade Auditor, On 24-06-2021)<br>Last Updated By: Naseer S (Computer Assistant, On 30-06-2021) | 1-2 |
| 3 | വാർഷികക്കണക്കിലെ അപാകതകൾ<br>Written By: Jayakumari Amma G (Senior Grade Auditor, On 26-06-2021)<br>Last Updated By: Naseer S (Computer Assistant, On 01-07-2021) | 1-2-1 |
| 4 | താമരക്കുടി സർവ്വീസ് സഹകരണബാങ്കിൽ നിക്ഷേപിച്ച 74,63,13/- രൂപ തിരികെ ഈടാക്കിയില്ല.<br>Written By: Jayakumari Amma G (Senior Grade Auditor, On 26-06-2021)<br>Last Updated By: Naseer S (Computer Assistant, On 30-06-2021) | 1-2-2 |
| 5 | സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)<br>Written By: Jayakumari Amma G (Senior Grade Auditor, On 24-06-2021)<br>Last Updated By: Naseer S (Computer Assistant, On 30-06-2021) | 1-3 |
| 6 | ഗ്രാന്റ് വിനിയോഗം<br>Written By: Jayakumari Amma G (Senior Grade Auditor, On 24-06-2021)<br>Last Updated By: Naseer S (Computer Assistant, On 01-07-2021) | 1-4 |
| 7 | ലഭ്യമായഗ്രാന്റിൽ 2,35,40,000/- രൂപ ലാപ്സായി<br>Written By: Jayakumari Amma G (Senior Grade Auditor, On 24-06-2021)<br>Last Updated By: Naseer S (Computer Assistant, On 01-07-2021) | 1-4.1 |
| 8 | ഗ്രാന്റ്സ്റ്റേറ്റ്മെന്റ് - അപാകതകൾ<br>Written By: Jayakumari Amma G (Senior Grade Auditor, On 24-06-2021)<br>Last Updated By: Naseer S (Computer Assistant, On 30-06-2021) | 1-4-2 |
| 9 | പദ്ധതി അവലോകനം<br>Written By: Jayakumari Amma G (Senior Grade Auditor, On 24-06-2021)<br>Last Updated By: Naseer S (Computer Assistant, On 30-06-2021) | 1-5 |
| 10 | തൊഴിലുറപ്പ് പദ്ധതി<br>Written By: Rajan.V.D (Senior Grade Auditor, On 25-06-2021)<br>Last Updated By: Naseer S (Computer Assistant, On 30-06-2021) | 1-6 |
| 11 | ക്ഷേമപെൻഷൻ<br>Written By: Rajan.V.D (Senior Grade Auditor, On 24-06-2021)<br>Last Updated By: Naseer S (Computer Assistant, On 01-07-2021) | 1-7 |
| 12 | സാമൂഹ്യ സുരക്ഷ പെൻഷൻ സസ്പെൻറ് ചെയ്യുന്നതിന് ഫയൽ തയ്യാറാക്കുന്നില്ല.- അനർഹമായപെൻഷൻ വിതരണത്തിന് സാധ്യത<br>Written By: Rajan.V.D (Senior Grade Auditor, On 23-06-2021)<br>Last Updated By: Naseer S (Computer Assistant, On 30-06-2021) | 1-7.1 |
| 13 | പെൻഷണർമാർ അനർഹമായി സാമൂഹ്യസുരക്ഷാപെൻഷൻ കൈപ്പറ്റിയത് തിരികെ ഈടാക്കിയില്ല - സർക്കാരിന് അധികബാധ്യത<br>Written By: Rajan.V.D (Senior Grade Auditor, On 24-06-2021)<br>Last Updated By: Naseer S (Computer Assistant, On 30-06-2021) | 1-7.2 |
| 14 | സാമൂഹ്യ സുരക്ഷ പെൻഷൻ പെൻഷണറുടെ മരണശേഷവും വിതരണം നടത്തുന്നു.<br>Written By: Rajan.V.D (Senior Grade Auditor, On 24-06-2021)<br>Last Updated By: Naseer S (Computer Assistant, On 01-07-2021) | 1-7.3 |
| 15 | ക്യാഷ് പരിശോധന<br>Written By: Jayakumari Amma G (Senior Grade Auditor, On 24-06-2021)<br>Last Updated By: Naseer S (Computer Assistant, On 30-06-2021) | 1-8 |

| | | |
|---|---|---|
| 16 | ആഭ്യന്തര നിയന്ത്രണം<br>Written By: Jayakumari Amma G (Senior Grade Auditor, On 24-06-2021)<br>Last Updated By: Naseer S (Computer Assistant, On 01-07-2021) | 1-9 |
| 17 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം<br>Written By: Jayakumari Amma G (Senior Grade Auditor, On 24-06-2021)<br>Last Updated By: Naseer S (Computer Assistant, On 30-06-2021) | 1-10 |
| 18 | റീസ്റ്റോറേഷൻ ചാർജ്ജ് കുറവായി ഈടാക്കി - 120356 രൂപയുടെ നഷ്ടം<br>Written By: Jayakumari Amma G (Senior Grade Auditor, On 26-06-2021)<br>Last Updated By: Naseer S (Computer Assistant, On 01-07-2021) | 1-11 |
| 19 | പാലിന് സബ്സിഡി-കൂടുതൽ സബ്സിഡി നൽകി<br>Written By: G.Sajikumar (Audit Officer (HG), On 27-06-2021)<br>Last Updated By: Naseer S (Computer Assistant, On 01-07-2021) | 1-12 |
| 20 | കേരളോത്സവം ട്രോഫിവാങ്ങൽ - അധികച്ചെലവ് തടസ്സപ്പെടുത്തുന്നു.<br>Written By: Rajan.V.D (Senior Grade Auditor, On 25-06-2021)<br>Last Updated By: Naseer S (Computer Assistant, On 01-07-2021) | 1-13 |
| 21 | വിനിയോഗ സാക്ഷ്യ പത്രം ഹാജരാക്കിയിട്ടില്ല. 34,73,602/- രൂപ തടസ്സപ്പെടുത്തുന്നു.<br>Written By: G.Sajikumar (Audit Officer (HG), On 25-06-2021)<br>Last Updated By: Naseer S (Computer Assistant, On 01-07-2021) | 1-14 |
| 22 | കമ്പ്യൂട്ടർ അനുബന്ധ ഉപകരണങ്ങൾക്ക് എ എം സി(23/20)ഗ്യാരന്റി കാലയളവിലുള്ള ഉപകരണങ്ങൾക്കും വാർഷിക മെയിന്റനൻസ് കരാറിലേർപ്പെട്ടു. 57600/- രൂപ തടസ്സപ്പെടുത്തുന്നു.<br>Written By: G.Sajikumar (Audit Officer (HG), On 25-06-2021)<br>Last Updated By: Naseer S (Computer Assistant, On 01-07-2021) | 1-15 |
| 23 | പട്ടിക ജാതി വിദ്യാർത്ഥികൾക്ക് പഠനമുറി (18/19-20) ആദ്യ ഗഡുക്കൾ കൈപ്പറ്റിയിട്ട് നിർമ്മാണം പൂർത്തീകരിച്ചിട്ടില്ല., 2,50,000 രൂപ തടസ്സപ്പെടുത്തുന്നു.<br>Written By: G.Sajikumar (Audit Officer (HG), On 25-06-2021)<br>Last Updated By: Naseer S (Computer Assistant, On 01-07-2021) | 1-16 |
| 24 | ജനറേറ്റർ പ്രവർത്തനം - ലോഗ് ബുക്ക് രേഖപ്പെടുത്തലുകൾ അപൂർണ്ണം<br>Written By: Rajan.V.D (Senior Grade Auditor, On 22-06-2021)<br>Last Updated By: Naseer S (Computer Assistant, On 01-07-2021) | 1-17 |
| 25 | KMSCL ൽ നിന്ന് മരുന്നുകൾ പൂർണമായും ലഭ്യമായിട്ടില്ല-അടിയന്തിര നടപടികൾ അനിവാര്യം<br>Written By: Arun Kumar A (Asst. Audit Officer, On 24-06-2021)<br>Last Updated By: Naseer S (Computer Assistant, On 01-07-2021) | 1-18 |
| 26 | വീട് മെയിന്റനൻസ് പൂർത്തിയാക്കിയിട്ടില്ല.<br>Written By: Arun Kumar A (Asst. Audit Officer, On 25-06-2021)<br>Last Updated By: Naseer S (Computer Assistant, On 01-07-2021) | 1-19 |
| 27 | ഇ ടെണ്ടർ ഫീ വരവ് വന്നിട്ടില്ല, പഞ്ചായത്ത് ഫണ്ടിന് നഷ്ടം<br>Written By: Jayakumari Amma G (Senior Grade Auditor, On 25-06-2021)<br>Last Updated By: Naseer S (Computer Assistant, On 01-07-2021) | 1-20 |
| 28 | സബ്സിഡി വിതരണം നടത്തിയതിനാധാരമായ രേഖകൾ ഇല്ല<br>Written By: S.Sijarani (Asst. Audit Officer, On 25-06-2021)<br>Last Updated By: Naseer S (Computer Assistant, On 01-07-2021) | 1-21 |
| 29 | ലൈഫ് ഭവന പദ്ധതി - അവലോകനം<br>Written By: Arun Kumar A (Asst. Audit Officer, On 25-06-2021)<br>Last Updated By: Naseer S (Computer Assistant, On 01-07-2021) | 1-22 |
| 30 | മുൻകൂറുകൾ സമയബന്ധിതമായി ക്രമീകരിക്കുന്നില്ല<br>Written By: Rajan.V.D (Senior Grade Auditor, On 25-06-2021) | 1-23 |

| | | |
|---|---|---|
| | Last Updated By: Naseer S (Computer Assistant, On 01-07-2021) | |
| | **ഭാഗം 2** | |
| 1 | റീസ്റ്റോറേഷൻ ചാർജ്ജ് കുറവായി ഈടാക്കി-120356 രൂപയുടെ നഷ്ടം<br>Written By: Jayakumari Amma G (Senior Grade Auditor, On 26-06-2021)<br>Last Updated By: Naseer S (Computer Assistant, On 01-07-2021) | 2-1 |
| | **ഭാഗം 3** | |
| | --- No Records Found --- | |
| | **ഭാഗം 4** | |
| 1 | വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം<br>Written By: Jayakumari Amma G (Senior Grade Auditor, On 24-06-2021)<br>Last Updated By: Simon K (Deputy Director, On 01-07-2021) | 4-1 |
| 2 | സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം<br>Written By: Jayakumari Amma G (Senior Grade Auditor, On 24-06-2021)<br>Last Updated By: Naseer S (Computer Assistant, On 01-07-2021) | 4-2 |
| 3 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ<br>Written By: Jayakumari Amma G (Senior Grade Auditor, On 24-06-2021)<br>Last Updated By: Naseer S (Computer Assistant, On 01-07-2021) | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ<br>Written By: Jayakumari Amma G (Senior Grade Auditor, On 24-06-2021)<br>Last Updated By: Naseer S (Computer Assistant, On 01-07-2021) | 4-4 |
| 5 | വായ്പ / വായ്പാതിരിച്ചടവ്<br>Written By: Jayakumari Amma G (Senior Grade Auditor, On 24-06-2021)<br>Last Updated By: Naseer S (Computer Assistant, On 01-07-2021) | 4-5 |
| 6 | സ്ഥിര നിക്ഷേപം<br>Written By: Jayakumari Amma G (Senior Grade Auditor, On 24-06-2021)<br>Last Updated By: Naseer S (Computer Assistant, On 01-07-2021) | 4-6 |
| 7 | ഓഡിറ്റ് റിക്കവറി<br>Written By: Jayakumari Amma G (Senior Grade Auditor, On 24-06-2021)<br>Last Updated By: Naseer S (Computer Assistant, On 01-07-2021) | 4-7 |
| 8 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട്<br>Written By: Jayakumari Amma G (Senior Grade Auditor, On 24-06-2021)<br>Last Updated By: Naseer S (Computer Assistant, On 01-07-2021) | 4-8 |
| 9 | ചാർജ് /സർചാർജ് നടപടികളുടെ വിവരം<br>Written By: Jayakumari Amma G (Senior Grade Auditor, On 24-06-2021)<br>Last Updated By: Naseer S (Computer Assistant, On 01-07-2021) | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം<br>Written By: Jayakumari Amma G (Senior Grade Auditor, On 24-06-2021)<br>Last Updated By: Naseer S (Computer Assistant, On 01-07-2021) | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ<br>Written By: Jayakumari Amma G (Senior Grade Auditor, On 25-06-2021)<br>Last Updated By: Naseer S (Computer Assistant, On 01-07-2021) | 4-11 |
| | **അനുബന്ധം** | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | അനുബന്ധപത്രികകൾ | |

## ഭാഗം -1

### 1-1 ബജറ്റ്

22.2.2019 തീയതിയിലെ 1(1) നം. തീരുമാനപ്രകാരം അംഗീകരിച്ചു. പുതുക്കിയ / പരിഷ്കരിച്ച ബജറ്റ് 3/3/2020 തീയതിയിലെ 4(1) തീരുമാനപ്രകാരം അംഗീകരിച്ചിട്ടുണ്ട്

### 1-2 വാർഷികധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31.7.2020 | 4.6.2020 | - | - |

### 1-2-1 വാർഷികക്കണക്കിലെ അപാകതകൾ

2019-20 സാമ്പത്തിക വർഷത്തെ വാർഷിക ധനകാര്യപത്രിക പരിശോധിച്ചതിൽ ശ്രദ്ധയിൽപ്പെട്ട അപാകതകൾ ചുവടെ കൊടുക്കുന്നു.

1. ബി-4 ഷെഡ്യൂൾ പ്രകാരമുള്ള 320200322, 320200399, 320300199 എന്നീ ഹെഡ്ഡിലുള്ള ഇനങ്ങളുടെ നീക്കിയിരുപ്പിന്റെ കൃത്യത ബോധ്യപ്പെട്ടിട്ടില്ല.

2. ബി- 5 Secured Loans -Loan From KURDFC -വാർഷിക ധനകാര്യപത്രിക പ്രകാരം 27014229 രൂപയും എന്നാൽ ലോൺ രജിസ്റ്റർ പ്രകാരം 29352465 രൂപയുമാണ്. വ്യത്യാസം വിശദമാക്കേണ്ടതാണ്.

3 . ബി-9 ഷെഡ്യൂൾ-Liability In Respect Of Stale Cheques ഇനത്തിൽ 4457 രൂപ ഉൾപ്പെട്ടിട്ടുണ്ട്. ടി തുകയുടെ കൃത്യത ബോധ്യപ്പെട്ടിട്ടില്ല.

4. ഷെഡ്യൂൾ ബി-9 Other Liabilities -Other Recoveries From Employees എന്ന ഇനത്തിൽ 7792 രൂപ ഉൾപ്പെട്ടിട്ടുണ്ട്.എന്നാൽ സ്ഥാപനത്തിന്റെ വിഹിതം ടി ഷെഡ്യൂളിൽ ഉൾപ്പെട്ടിട്ടില്ല.

5. ഷെഡ്യൂൾ ബി18 Loans & Advances 460100199, 460500202, 460500204, 460500399 എന്നീ ഹെഡ്ഡിലുള്ള തുകയുടെ കൃത്യത ബോധ്യപ്പെട്ടിട്ടില്ല.

6. ഇംപ്രസ്റ്റ് തുക ബി 18 ഷെഡ്യൂളിൽ ഉൾപ്പെട്ടിട്ടില്ല.

7. RP - സ്റ്റേറ്റുമെന്റിൽ ഉൾപ്പെട്ട ചുവടെപ്പറയുന്ന തുകകളുടെ കൃത്യത പരിശോധിക്കുന്നതിനാവശ്യമായ രേഖകൾ ഹാജരാക്കിയിട്ടില്ല.

| ഷെഡ്യൂൾ | ഇനം | തുക |
|---|---|---|
| RP-4 | പെർമിറ്റ് ഫീ | 135917 |
| RP-4 | റഗുലറൈസേഷൻ ഫീ | 57390 |
| RP-43 | തൊഴിൽ നികുതി-ട്രേഡേഴ്സ് | 291700 |
| RP-43 | ലൈസൻസ് ഫീസ് | 133100 |

8. RP10. Receivables For Property Tax On Residential Building And Non Residential Building,Current And Arrears തുകകൾ സഞ്ചയ സ്റ്റേറ്റുമെന്റും വാർഷികധനകാര്യപത്രികയുമായി പൊരുത്തപ്പെടുന്നില്ല.

9. B-9 ഷെഡ്യൂൾ Pension Contribution Payable എന്ന ഇനത്തിൽ 75813 രൂപ ബാധ്യതയായി ഉൾപ്പെടുത്തിയിട്ടുണ്ട്. എന്നാൽ 4/21 ൽ ചെലവ് തുക 45098 രൂപയാണ്.

1-2-2 താമരക്കുടി സർവ്വീസ് സഹകരണബാങ്കിൽ നിക്ഷേപിച്ച 74,63,13/- രൂപ തിരികെ ഈടാക്കിയില്ല.

2018-19 വാർഷിക ധനകാര്യപത്രിക പ്രകാരം താമരക്കുടി സർവ്വീസ് സഹകരണ ബാങ്കിൽ 7,46,313/- രൂപ നീക്കിയിരുപ്പുണ്ട്. ടി സ്ഥാപനം നിലവിൽ പ്രവർത്തനം ഇല്ലാത്തതും അഡ്മിനിസ്ട്രേറ്റർ ഭരണം നടത്തി വരുന്നതുമാണ്. പ്രസ്തുത തുക പലിശ സഹിതം ഈടാക്കാനുള്ള നടപടി സ്വീകരിക്കുന്നതിന് 2018-19 വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 1-13-ൽ പരാമർശിച്ചിരുന്നു. ടി ബാങ്കിൽ നിന്നും ബാലൻസ് തുക പഞ്ചായത്തിന് ലഭ്യമാക്കാൻ സ്വീകരിച്ച നടപടി ഓഡിറ്റിൽ അറിയിക്കുന്നതിന് നൽകിയ എൻക്വയറിക്ക് (നം.5/23.6.2021) മറുപടി ലഭ്യമാക്കിയില്ല. ലഭിക്കാനുള്ള 7,46,313/- രൂപ പലിശ സഹിതം ഈടാക്കാനുള്ള നടപടി ത്വരിതപ്പെടുത്തേണ്ടതും ആയതിന്റെ വിശദാംശങ്ങൾ രേഖകൾ സഹിതം ഓഡിറ്റിൽ ഹാജരാക്കേണ്ടതുമാണ്.

1-3 സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)

| | |
|---|---|
| മുന്നിരിപ്പ് | 29138546 |
| വരവ് | 98200936 |
| ആകെ | 127339482 |
| ചെലവ് | 88237566 |
| നീക്കിയിരിപ്പ് | 39101916 |
| വരവിനങ്ങളിലെ നഷ്ടം | 120356 |
| ചെലവിനങ്ങളിലെ നഷ്ടം | 0 |
| തടസ്സപ്പെടുത്തിയ തുക | 3797800 |

1-4 ഗ്രാന്റ് വിനിയോഗം

| ഗ്രാന്റ് | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ്/ ലാപ്സായതുക | കുറിപ്പ് |
|---|---|---|---|---|---|---|
| വികസനഫണ്ട് (ജനറൽ) | - | 20355968 | 20355968 | 18585485 | 1770483 | 505205/- രൂപ ക്യൂബിൽ* |
| വികസനഫണ്ട് (എസ്.സി.പി) | - | 17529000 | 17529000 | 12343377 | 5185623 | 1788968/- രൂപ ക്യൂബിൽ* |
| വികസനഫണ്ട് (റ്റി. എസ്.പി) | - | - | - | - | - | - |
| ധനകാര്യ കമ്മിഷൻഗ്രാന്റ് (United) | - | 14976692 | 14976692 | 9844117 | 5132575 | 3320407/- രൂപ ക്യൂബിൽ* |
| മെയിന്റനൻസ് ഫണ്ട്(റോഡ്) | - | 15077000 | 15077000 | 6285323 | 8791677 | 5137643/- |
| മെയിന്റനൻസ് | - | 5665000 | 5665000 | 3005358 | 2659642 | 1015046/- |

| | | | | | | |
|---|---|---|---|---|---|---|
| ഫണ്ട്(നോൺ റോഡ്) | | | | | | |
| സംസ്ഥാനാവിഷ്കൃത ഫണ്ട് | | | | | | |
| ലൈഫ് മിഷൻ | - | 15060000 | 15060000 | 11550000 | 3510000 | |
| കുടുംബശ്രീ ചലഞ്ച്ഫണ്ട് | - | 299543 | 299543 | - | 299543 | |
| ഇൻസെന്റീവ് | 1000 | 567000 | 568000 | 565000 | 3000 | |
| ശുചിത്വമിഷൻ | 2719752 | 151832 | 2871584 | - | 2871584 | |
| കേരളോത്സവം | - | 20000 | 20000 | 20000 | | |
| കേന്ദ്രാവിഷ്കൃത ഗ്രാന്റ് | | | | | | |
| ICDS | 3129343 | 1022127 | 4151470 | 768413 | 3383057 | |
| MNREGS | 1215 | 1202078 | 1203293 | 789459 | 413834 | |
| സമ്പൂർണ്ണശുചിത്വം | 1782739 | 16500 | 1799239 | 303320 | 1495919 | |

*നീക്കിയിരിപ്പ് / ലാപ്പ്സായ തുകയിൽ 2019-2020 വർഷത്തെ ക്യൂബിൽ തുക കൂടി ഉൾപ്പെട്ടതാണ്.

### <u>1-4.1 ലഭ്യമായഗ്രാന്റിൽ 2,35,40,000/- രൂപ ലാപ്സായി</u>

| ഫണ്ടിനം | ലാപ്സായ തുക |
|---|---|
| വികസനഫണ്ട് (ജനറൽ) | 1770483 |
| വികസനഫണ്ട് (എസ്.സി.പി) | 5185623 |
| വികസനഫണ്ട് (റ്റി.എസ്.പി) | - |
| ധനകാര്യകമ്മിഷൻഗ്രാന്റ് (Tied) | 5132575 |
| മെയിന്റനൻസ് ഫണ്ട് (റോഡ്) | 8791677 |
| മെയിന്റനൻസ് ഫണ്ട് (നോൺ റോഡ്) | 2659642 |
| ആകെ | 23540000 |

ലഭ്യമായ ഗ്രാന്റുകളിൽ 2,35,40,000/- രൂപ ലാപ്സായി.

### <u>1-4-2 ഗ്രാന്റ്സ്റ്റേറ്റ്മെന്റ് - അപാകതകൾ</u>

സുലേഖ ചെലവ് പത്രിക പ്രകാരം വിവിധ മേഖലകളിൽ വകയിരുത്തിയിരുന്ന വിവിധ ഫണ്ടുകളുടെ തുക ഗ്രാന്റ് സ്റ്റേറ്റ് മെന്റ് അലോക്കേഷൻ എന്ന ശീർഷകത്തിൽ ഉൾപ്പെടുത്തിയിരിക്കുന്ന തുകയുമായി പൊരുത്തപ്പെടുന്നില്ല. അപാകതകൾ പരിഹരിക്കുന്നതിനായുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്

| ഫണ്ടിനം | മേഖല | ഗ്രാന്റ് സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള തുക | സുലേഖ സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള തുക |
|---|---|---|---|
| വികസന ഫണ്ട്(ജനറൽ) | ഉല്പാദനം | 19216406 | 4705151 |
| | സേവനം | 104584688 | 16733024 |
| വികസന ഫണ്ട്(എസ് സി പി) | ഉല്പാദനം | 3815000 | 1795000 |
| | സേവനം | 189263344 | 15116318 |
| | | | |

| | | | |
|---|---|---|---|
| | പശ്ചാത്തലം | 2899274 | 2899274 |
| സി എഫ് സി | പശ്ചാത്തലം | 19141018 | 11174068 |
| മെയിന്റനൻസ് ഗ്രാന്റ്നോൺ റോഡ്) | ഉല്പാദനം | 719740 | 569740 |
| കേന്ദ്രാവിഷ്കൃത ഫണ്ട് | സേവനം | 14899000 | 6859075 |
| സംസ്ഥാനാവിഷ്കൃത ഫണ്ട് | സേവനം | 96600000 | 20300000 |

1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്റ്റുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്റ്റുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 284 | 210505132 | 177 | 73802792 | 0 | 107 | 62% |

പൂർത്തിയാക്കാതെ ഉപേക്ഷിക്കപ്പെട്ട പദ്ധതികൾ

ഇല്ല

1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 1215 | 1202078 | 1203293 | 789459 | 413834 |
| ഗുണഭോക്താകൾക്ക് നേരിട്ട് നൽകുന്നത് | 0 | 31561536 | 31561536 | 31561536 | 0 |

1-7 ക്ഷേമപെൻഷൻ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 95280 | 102 |
| കർഷകതൊഴിലാളി പെൻഷൻ | 2627400 | 936 |
| വിധവാപെൻഷൻ | 8330400 | 3090 |
| വാർദ്ധക്യകാലപെൻഷൻ | 14347500 | 5265 |
| വികലാംഗപെൻഷൻ | 2519200 | 832 |
| 50 വയസിനുമേൽ പ്രായമുള്ള അവിവാഹിതർക്കുള്ള പെൻഷൻ | 478800 | 185 |
| വിധവകളുടെ പെൺമക്കൾക്കുള്ള വിവാഹ ധനസഹായം | 150000 | 5 |

**1-7.1 സാമൂഹ്യ സുരക്ഷ പെൻഷൻ സസ്പെൻ്റ് ചെയ്യുന്നതിന് ഫയൽ തയ്യാറാക്കുന്നില്ല.- അനർഹമായപെൻഷൻ വിതരണത്തിന് സാധ്യത**

സാമൂഹ്യ സുരക്ഷ പെൻഷൻ കിട്ടിക്കൊണ്ടിരിക്കുന്ന ഗുണഭോക്താക്കൾക്ക് വിവിധ കാരണങ്ങളാൽ അർഹത ഇല്ലാതാകുന്ന ഘട്ടത്തിൽ സേവന സോഫ്റ്റ് വെയർ വഴി സസ്പെൻഷൻ റിക്വസ്റ്റ് നൽകാവുന്നതാണ്. റിക്വസ്റ്റ് നൽകുന്ന തീയതി മുതൽ പ്രസ്തുത ഗുണഭോക്താക്കളുടെ പെൻഷൻ റദ്ദു ചെയ്യപ്പെടുന്നതാണ്. പഞ്ചായത്തിൽ പെൻഷണറുടെ മരണം നേരിട്ട് റിപ്പോർട്ട് ചെയ്യപ്പെടുന്ന മുറയ്ക്ക് മാത്രമാണ് സോഫ്റ്റ് വെയറിലൂടെ പെൻഷൻ സസ്പെൻ്റ് ചെയ്യാനുള്ള നടപടികൾ സ്വീകരിക്കാനാകുന്നത്. പെൻഷണറുടെ മരണംമൂലമോ മറ്റെന്തെങ്കിലും കാരണത്താലോ പെൻഷന് അർഹത ഇല്ലാതാകുന്ന തീയതി മുതൽക്കുതന്നെ പെൻഷൻ സസ്പെൻ്റ് ചെയ്യാനുള്ള സംവിധാനം ഇല്ലാത്തതിനാൽ സസ്പെൻ്റ് ചെയ്യപ്പെട്ട തീയതിക്കും അർഹത ഇല്ലാതായ തീയതിക്കും ഇടയിലുള്ള മാസങ്ങളിലെ പെൻഷൻ വിതരണം ചെയ്തിട്ടുണ്ടാകാൻ സാധ്യതയുണ്ട്. ഇത് സർക്കാരിന് നഷ്ടം വരുത്തുന്നതിനും അനർഹർ പെൻഷൻ തുക വസൂലാക്കുന്നതിനും ഇടയാക്കും. സാമൂഹ്യ സുരക്ഷ പെൻഷൻ വാങ്ങുന്നവർ മരണപ്പെടുന്നത് അവർ താമസിക്കുന്ന തദ്ദേശ സ്ഥാപന പരിധിയിലല്ലെങ്കിൽ മരണ വിവരം യഥാസമയം അതാത് തദ്ദേശ സ്വയംഭരണ സ്ഥാപനം അറിയുന്നതിന് പ്രായോഗിക ബുദ്ധിമുട്ടുകൾ ഏറെയാണ്. പിന്നീട് സ്ഥാപനം മരണവിവരം അറിഞ്ഞു വരുമ്പോഴേക്കും നിരവധി മാസങ്ങളിലെ പെൻഷൻ തുക ബാങ്ക് അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ചെയ്തിട്ടുണ്ടാകും. സാമൂഹ്യ സുരക്ഷ പെൻഷൻ വാങ്ങുന്നവർക്കെങ്കിലും ആധാർ അധിഷ്ഠിത മരണ സർട്ടിഫിക്കറ്റ് വിതരണം ചെയ്യേണ്ടതിലെ പ്രാധാന്യം ശ്രദ്ധയിൽപ്പെടുത്തുന്നു. മരണശേഷം അനുവദിച്ച പെൻഷൻ തുക ബാങ്കിൽ നിന്നോ, അക്കൗണ്ടിലെ തുക അവകാശികൾ കൈപ്പറ്റിയിട്ടുണ്ടെങ്കിൽ അവരിൽ നിന്നോ തിരികെ ഈടാക്കി സർക്കാരിലേക്ക് ഒടുക്കേണ്ടതാണ്. ഇതേ രീതിയിൽ കൂടുതൽ പെൻഷണർമാർക്ക് മരണശേഷവും ബാങ്ക് അക്കൗണ്ടിലേക്ക് പെൻഷൻ വിതരണം ചെയ്തിട്ടുണ്ടാകാം. സൂക്ഷ്മ പരിശോധന നടത്തി ഈ രീതിയിലുള്ള പെൻഷൻ വിതരണം ഒഴിവാക്കേണ്ടതാണ്. പെൻഷന് അർഹത ഇല്ലാതെയാകുന്ന തീയതി കണ്ടു പിടിക്കുന്നതിന് നിലവിലുള്ള ഏക മാർഗ്ഗം സസ്പെൻഷൻ റിക്വസ്റ്റിനോടൊപ്പം നൽകുന്ന ഫയൽ നമ്പർ പ്രകാരമുള്ള ഫയലാണ്. എന്നാൽ മൈലം ഗ്രാമ പഞ്ചായത്തിൽ അങ്ങനെ ഫയലുകൾ സൂക്ഷിച്ചിട്ടില്ലാത്തതിനാൽ പെൻഷന് അർഹത ഇല്ലാതാകുന്ന തീയതി കണ്ടെത്താൻ സാധിക്കുന്നില്ല. സേവന സോഫ്റ്റ് വെയറിൽ ഫയൽ നമ്പർ ചേർക്കുകയും അതേ നമ്പരിൽ ഫയലുകൾ ഇല്ലാതിരിക്കുകയും ചെയ്യുന്നത് ഗുരുതരമായ വീഴ്ചയായി ഓഡിറ്റ് കണക്കാക്കുന്നു. ഇതു മൂലം അനർഹമായ പെൻഷൻ വിതരണത്തിന് സാധ്യതയുള്ളതിനാൽ തന്നെ ഓഡിറ്റ് വർഷം പെൻഷൻ സസ്പെൻ്റ് ചെയ്യപ്പെട്ട ഗുണഭോക്താക്കളുടെ ഫയൽ തയ്യാറാക്കേണ്ടതും ആയത് പ്രകാരം അനർഹമായ കാലഘട്ടത്തിൽ പെൻഷൻ വിതരണം ചെയ്തിട്ടുണ്ടെങ്കിൽ തിരികെ ഈടാക്കേണ്ടതുമാണ്. കൂടാതെ, സർവ്വീസ് സഹകരണബാങ്കിൽ നിന്നും ക്രമമായ ഇടവേളകളിൽ മരണമോ മറ്റ് കാരണങ്ങളാലോ പെൻഷൻ തടഞ്ഞുവയ്ക്കപ്പെട്ടവരുടെ വിശദമായ രേഖകൾ ശേഖരിക്കുകയും അതിനനുസൃതമായി സേവന സോഫ്റ്റ് വെയറിൽ പെൻഷൻ സസ്പെൻ്റ് ചെയ്യുവാനുള്ള സത്വരനടപടികൾ സ്വീകരിക്കേണ്ടതുമാണ്. ഇപ്രകാരം ചെയ്യാത്ത നിലയിൽ സഹായധനം ദുർവിനിയോഗം ചെയ്യപ്പെടാനുള്ള സാധ്യതയുണ്ട്.

**1-7.2 പെൻഷണർമാർ അനർഹമായി സാമൂഹ്യസുരക്ഷാപെൻഷൻ കൈപ്പറ്റിയത് തിരികെ ഈടാക്കിയില്ല - സർക്കാരിന് അധികബാധ്യത**

മൈലം ഗ്രാമപഞ്ചായത്തിൽ സർവ്വീസ് പെൻഷൻ/കുടുംബപെൻഷൻ കൈപ്പറ്റുന്നവർ അനർഹമായി സാമൂഹ്യ സുരക്ഷാപെൻഷൻ തുക കൈപ്പറ്റിയതായി ശ്രദ്ധയിൽപെട്ടിട്ടുണ്ട്. ബഹു: സർക്കാരിന്റെ 23.01.2020 ലെ 07/2020/ധന നമ്പർ സർക്കുലർ പ്രകാരം അനർഹമായി തുക കൈപ്പറ്റിയ വ്യക്തികൾ പ്രസ്തുത തുക സർക്കാർ ഫണ്ടിലേക്ക് തിരികെ അടവാക്കേണ്ടതാണ്. ഇപ്രകാരം അനർഹമായി തുക കൈപ്പറ്റുന്ന/കൈപ്പറ്റിക്കൊണ്ടിരിക്കുന്നവരുടെ വിവരങ്ങൾ ക്രോഡീകരിച്ച് തുടർനടപടികൾ അടിയന്തിരമായി സ്വീകരിക്കേണ്ടതാണ്. ലഭ്യമാക്കിയ രേഖകൾ പ്രകാരമുള്ള വിവരങ്ങൾ താഴെ ചേർക്കുന്നു.

ഓഡിറ്റ് അന്വേഷണം – 08/2021: 24.06.2021

| ക്രമ നം | പെൻഷണറുടെ പേര് | പെൻഷണർ ഐ.ഡി | കൈപ്പറ്റുന്ന പെൻഷൻ ഇനം | അനർഹമായി കൈപ്പറ്റിയ തുക | കാലയളവ് |
|---|---|---|---|---|---|
| 1 | പൊന്നമ്മ ബേബി സ്റ്റാൻലിവില്ല, ഇഞ്ചക്കാട് തെക്ക്, മൈലം | 103200200941 | വാർദ്ധക്യകാല പെൻഷൻ | 64100/- | 4/15 മുതൽ 4/20 |
| 2 | അമ്മിണി . കെ ശ്രുതിഭവനം, മൂഴിക്കോട്, വെണ്ടാർ | 103200201542 | വാർദ്ധക്യകാല പെൻഷൻ | 49600/- | 4/15 മുതൽ 4/19 |
| 3 | സരസ്വതി അമ്മ . പി ബിന്ദുവിലാസം, ഇഞ്ചക്കാട് തെക്ക് | 103200201563 | വാർദ്ധക്യകാല പെൻഷൻ | 37000/- | 4/15 മുതൽ 4/19 |
| 4 | ത്രിവിക്രമൻ പോറ്റി മുത്തേടത്ത് മഠം, കോട്ടാത്തല | 103200201402 | വാർദ്ധക്യകാല പെൻഷൻ | 59100/- | 1/16 മുതൽ 4-19 |
| 5 | കെ. ജോൺ മേലതിൽവീട്, പള്ളിക്കൽ കിഴക്ക് | 1032002002529 | വാർദ്ധക്യകാല പെൻഷൻ | 48000/- | 7/16 മുതൽ 4/19 |
| 6 | രത്നപിള്ള തങ്കച്ചി പുത്തൻവീട്, ഇഞ്ചക്കാട് | 103200202756 | വാർദ്ധക്യകാല പെൻഷൻ | 33600/- | 10/16 മുതൽ 4/19 |
| 7 | സുധർമ്മ ദേവി സൂര്യാലയം, താമരക്കുടി | 103200600132 | വിധവ പെൻഷൻ | 52000/- | 4/15 മുതൽ 4/19 & 8/19 & 9/19 |
| 8 | വിജയമ്മ വലിയവീട്ടിൽ തെക്കതിൽ, അന്തമൺ | 103200601351 | വിധവ പെൻഷൻ | 65300/- | 4/15 മുതൽ 4/2020 |

<u>1-7.3 സാമൂഹ്യ സുരക്ഷ പെൻഷൻ പെൻഷണറുടെ മരണശേഷവും വിതരണം നടത്തുന്നു.</u>

സാമൂഹ്യ സുരക്ഷാ പെൻഷൻ വിതരണ രേഖകൾ പരിശോധിച്ചതിൽ നിന്നും മരണപ്പെട്ടവരുടെ പേരിലുള്ള പെൻഷൻ മരണ തീയതിക്കു ശേഷവും പെൻഷണറുടെ ബാങ്ക് അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ചെയ്തതായി കാണുന്നു. ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | ഗുണഭോക്താവിന്റെ പേര് | പെൻഷൻ തരം | പെൻഷൻ ഐ.ഡി. | മരിച്ച തീയതി | അനർഹമായ കാലയളവ് | അനർഹമായ കാലയളവിൽ വിതരണം ചെയ്ത തുക |
|---|---|---|---|---|---|---|
| 1 | ശ്രീ. കുമാരൻ മുകളുവിളവീട് കോട്ടാത്തല | കർഷകത്തൊഴിലാളി പെൻഷൻ | 103200203075 | 24.01.2020 | 2/2020 മുതൽ 4/2020 വരെ | 4800/- |
| 2 | ശ്രീ. രാജപ്പൻ. പി മന്ദിരത്തിൽ പുത്തൻവീട് ഇഞ്ചക്കാട് | കർഷകത്തൊഴിലാളി പെൻഷൻ | 103200100642 | 06.03.2020 | 4/2020 | 1300/- |

സമയബന്ധിതമായ ഓഡിറ്റ് വേളയിലെ പരിശോധനയിൽ കണ്ടെത്തിയ വിവരമാണ് മുകളിൽ ചേർത്തിട്ടുള്ളത്. സാമൂഹ്യ സുരക്ഷ പെൻഷൻ വാങ്ങുന്നവർ മരണപ്പെടുന്നത് അവർ താമസിക്കുന്ന തദ്ദേശ സ്ഥാപന പരിധിയിലല്ലെങ്കിൽ മരണ വിവരം യഥാസമയം അതാത് തദ്ദേശ സ്വയംഭരണ സ്ഥാപനം അറിയുന്നതിന് പ്രായോഗിക ബുദ്ധിമുട്ടുകൾ ഏറെയാണ്. പിന്നീട് സ്ഥാപനം മരണവിവരം അറിഞ്ഞു വരുമ്പോഴേക്കും നിരവധി മാസങ്ങളിലെ പെൻഷൻ തുക ബാങ്ക് അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ചെയ്തിട്ടുണ്ടാകും. പ്രതിവർഷ മസ്റ്ററിംഗ് മാത്രമാണ് പെൻഷണറുടെ മരണം കണ്ടെത്താനുള്ള നിലവിലുള്ള ഏക മാർഗ്ഗം. സാമൂഹ്യ സുരക്ഷ പെൻഷൻ വാങ്ങുന്നവർക്കെങ്കിലും ആധാർ അധിഷ്ഠിത മരണ സർട്ടിഫിക്കറ്റ് വിതരണം ചെയ്യേണ്ടതിലെ പ്രാധാന്യം ശ്രദ്ധയിൽപ്പെടുത്തുന്നു. മരണശേഷം അനുവദിച്ച പെൻഷൻ തുക ബാങ്കിൽ നിന്നോ, അക്കൗണ്ടിലെ തുക അവകാശികൾ കൈപ്പറ്റിയിട്ടുണ്ടെങ്കിൽ അവരിൽ നിന്നോ തിരികെ ഈടാക്കി സർക്കാരിലേക്ക് ഒടുക്കേണ്ടതാണ്. ഇതേ രീതിയിൽ കൂടുതൽ പെൻഷണർമാർക്ക് മരണശേഷവും ബാങ്ക് അക്കൗണ്ടിലേക്ക് പെൻഷൻ വിതരണം ചെയ്തിട്ടുണ്ടാകാം. സൂക്ഷ്മ പരിശോധന നടത്തി ഈ രീതിയിലുള്ള പെൻഷൻ വിതരണം ഒഴിവാക്കേണ്ടതാണ്.

ഓഡിറ്റ് അന്വേഷണം -08/2021/24.06.2021

<u>1-8 ക്യാഷ് പരിശോധന</u>

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 21/6/21 തീയതിയിൽ 3.45 Pm-ന് സ്ഥാപന തലവന്റെ/ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 21482/-രൂപ ക്യാഷ് ബാലൻസിന്റെ /നീക്കിയിരുപ്പിന്റെ കൃത്യത ബോധ്യപ്പെട്ടു.

<u>1-9 ആഭ്യന്തര നിയന്ത്രണം</u>

1). ഉദ്യോഗസ്ഥരുടെ ചുമതലകൾ വ്യക്തമായി നിർവ്വചിക്കുകയും രേഖാമൂലം വിഭജിച്ചു നൽകുകയും ചെയ്തിട്ടുണ്ട്.

2). പഞ്ചായത്തിലെ എല്ലാ വരവുകളും പ്രിന്റഡ് രസീതി നൽകിയാണ് സ്വീകരിക്കുന്നത്. എന്നാൽ ഔട്ട് ഡോർ കളക്ഷന് മാനുവൽ രസീതുകളും ഉപയോഗിച്ചുവരുന്നു.

3). വരവുകൾ ശരിയായ രീതിയിൽ അക്കൗണ്ട് ചെയ്യുന്നുണ്ട്.

4). ഡി & ഒ ലൈസൻസ് ഫീയുടെ കാര്യത്തിൽ വാർഡുതിരിച്ചുള്ള ട്രേഡേഴ്സ് ലിസ്റ്റ് സൂക്ഷിക്കുന്നില്ല.

5). വൗച്ചറുകൾ, രേഖകൾ എന്നിവ കൃത്യമായി സൂക്ഷിക്കുന്നുണ്ട്. ആസ്തി രജിസ്റ്റർ സൂക്ഷിക്കുന്നുണ്ടെങ്കിലും കാലികമാക്കുന്നില്ല.

6). താമരക്കുടി സർവ്വീസ് സഹകരണ ബാങ്കിൽ നിക്ഷേപിച്ച തുക ഈടാക്കുന്നതിന് നടപടി സ്വീകരിച്ചിട്ടില്ല.

7). വിവിധ ഏജൻസികളിൽ നിക്ഷേപിച്ച തുകയുടെ വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല.

8). ഓപ്റ്റിക്കൽ ഫൈബർ കേബിൾ സ്ഥാപിക്കുന്നതിനുള്ള റീസ്റ്റോറേഷൻ ചാർജ് കുറവായി ഈടാക്കി (ഖ – 2-1)

9). മുൻകുറുകൾ ക്രമീകരിക്കുന്നതിന് നടപടികൾ സ്വീകരിച്ചില്ല.

1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 15/2/2021 – 17/2/2021 | 1/4/2020 മുതൽ 31/12/2020 വരെ | 16/2/2021 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 4/3/2014-18/3/2014 | 2008-09 മുതൽ 2012-13 വരെ | 7/5/14 |

1-11 റീസ്റ്റോറേഷൻ ചാർജജ് കുറവായി ഈടാക്കി - 120356 രൂപയുടെ നഷ്ടം

മൈലംഗ്രാമപഞ്ചായത്തിലെ പെരുങ്കുളം-മൂഴിക്കോട് റോഡിൽ 50 മീറ്റർ നീളത്തിൽ കോൺക്രീറ്റ് റോഡ് കട്ട് ചെയ്ത് ഒപ്റ്റിക്കൽ ഫൈബർ കേബിൾ സ്ഥാപിക്കുന്നതിനുള്ള അനുവാദത്തിനായി റിലയൻസ് ഇൻഫോകോം ലിമിറ്റഡ് എന്ന സ്ഥാപനം 22.6.2018 ൽ അപേക്ഷ നൽകി.അപേക്ഷ പ്രകാരം എൽ എസ്.ജി.ഡി വിഭാഗം അസിസ്റ്റന്റ് എൻജിനീയർ 29.3.2019 ൽ നൽകിയ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ 156306 രൂപ ഈടാക്കി ഒപ്റ്റിക്കൽ ഫൈബർ കേബിൾ ഇടുന്നതിന് അനുമതി നൽകുകയും ചെയ്തു.

എന്നാൽ, പൊതുമരാമത്തുവകുപ്പ് ചീഫ് എൻജിനീയറുടെ 22-5-2018ലെ CE/R & B/GL - RC / 1/2018 ഉത്തരവ് പ്രകാരം, 50 മീറ്റർ നീളത്തിൽ കോൺക്രീറ്റ് റോഡ് കട്ട് ചെയ്ത് ഒപ്റ്റിക്കൽ ഫൈബർ കേബിൾ സ്ഥാപിക്കുന്നതിന് റീസ്റ്റോറേഷൻ ചാർജ്ജ് ഈടാക്കുമ്പോൾ ജി.എസ്.ടി. ഉൾപ്പെടെ 276662 രൂപ ഈടാക്കേണ്ടതുണ്ട്. വിശദവിവരം ചുവടെ ചേർക്കുന്നു.

| ഈടാക്കിയ നിരക്ക് | ഈടാക്കേണ്ടത് |
|---|---|
| 50 X0.5=25 M2<br>25m2 X6252.24/M2<br>=156306/- | 50 X 0.5 X 1.5 = 37.5 M2<br>37.5 M2 X 6252.24/M2<br>= 234459 + 42203(GST)<br>= 276662/- |
| നഷ്ടം - 276662 - 156306 = 120356/- | |

തുക കുറവായി ഈടാക്കിയതിന് വിശദീകരണം ലഭ്യമാക്കുന്നതിന് നൽകിയ എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയില്ല. റീസ്റ്റോറേഷൻ ചാർജ്ജിനത്തിൽ നഷ്ടമായ 120356/- രൂപ റിലയൻസ് ഇൻഫോകോം ലിമിറ്റഡ് എന്ന സ്ഥാപനത്തിൽ നിന്ന് ഈടാക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതും അല്ലാത്ത പക്ഷം റീസ്റ്റോറേഷൻ ചാർജ്ജ് തെറ്റായി കണക്കാക്കിയ എഞ്ചിനീയറിൽ നിന്നും ഈടാക്കി ഓഡിറ്റിൽ അറിയിക്കേണ്ടതുമാണ്.

എൻക്വയറി നം. - 14/25.6.2021

നഷ്ടം - 120356/-

ഉത്തരവാദിയായ ഉദ്യോഗസ്ഥൻ - അസി. എൻജിനീയർ

1-12 പാലിന് സബ്സിഡി-കൂടുതൽ സബ്സിഡി നൽകി

പ്രോജക്ട് നം - 204/2020, പാലിന് സബ്സിഡി

നിർവ്വഹണം – ക്ഷീരവികസന ഓഫീസർ

ചെലവ് - 372254/- ( വികസന ഫണ്ട്(ജനറൽ) - 300000/-, ബ്ലോക്ക് പഞ്ചായത്ത് – 72254/-)

ശ്രീ. വിജയൻപിള്ള, ജ്യോതിനിലയം എന്ന ക്ഷീരകർഷകൻ 2019 ഏപ്രിൽ, മെയ്, ജൂൺ മാസങ്ങളിലായി കോട്ടാത്തല ക്ഷീര സംഘത്തിൽ 561 ലിറ്റർ പാലളവ് നടത്തിയതിന് 3/- രൂപ നിരക്കിൽ 1683/-രൂപ ബിൽ നമ്പർ 14/19-20/31-03-2020 പ്രകാരംപിൻവലിച്ച 35986/-യിൽ നിന്നും നൽകിയിട്ടുണ്ട്.എന്നാൽ ക്ഷീരസംഘത്തിന്റെ പാലളവ് രജിസ്റ്റർ പ്രകാരം ടിയാൻ ഏപ്രിൽ/19 ൽ 144.7 ലിറ്ററും മെയ്/19 107.2 ലിറ്ററും പാൽ മാത്രമാണ് നൽകിയിരിക്കുന്നത്. ജൂൺ മാസത്തിൽ പാലളവ് നടത്തിയിട്ടില്ല. ആകെ 251.9 ലിറ്റർ പാലിന് അനുവദനീയമായ സബ്സിഡി 3/-രൂപ നിരക്കിൽ 755.7/- രൂപയാണ്. അധികമായി നൽകിയ 927.3/-രൂപ തിരികെ ഈടാക്കി വിവരം ഓഡിറ്റിലറിയിക്കേണ്ടതാണ്.

കൂടാതെ ബിൽ നമ്പർ 14/19-20/31-03-2020 പ്രകാരം പിൻവലിച്ച 35986/- രൂപയിൽ നിന്നും തുക കൈപ്പറ്റിയിരിക്കുന്ന ചുവടെ സൂചിപ്പിക്കുന്ന ക്ഷീരകർഷകർ ഏപ്രിൽ, മെയ്, ജൂൺ മാസങ്ങളിൽ പാലളവ് നടത്തിയതിന്റെ രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.

| പേര് | പാലളവ്(ലിറ്ററിൽ) | കൈപ്പറ്റിയ സബ്സിഡി |
|---|---|---|
| ലളിത<br>ചെറുവള്ളിൽ വീട് | 769 | 2307 |
| കുഞ്ഞുമോൾ<br>ചരുവിളപുത്തൻവീട് | 207 | 621 |
| | | 2928 |

രേഖകൾ ഹാജരാക്കാനായി രേഖാമൂലം ആവശ്യപ്പെട്ടപ്പോൾ ലഭ്യമാക്കാം എന്ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്. രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കാത്തതിനാൽ 2,928/- രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

ഓഡിറ്റ് എൻക്വയറി നം – 17/25-06-2021

തടസ്സപ്പെടുത്തിയ തുക – 2,928/- രൂപ

1-13 കേരളോത്സവം ട്രോഫിവാങ്ങൽ - അധികച്ചെലവ് തടസ്സപ്പെടുത്തുന്നു.

2019-20 വർഷം കേരളോത്സവം നടത്തിപ്പുമായി ബന്ധപ്പെട്ട് മത്സരവിജയികൾക്കുള്ള ട്രോഫികൾ

വാങ്ങുന്നതിനായി ആകെ 7,100/- രൂപ ചെലവ് ചെയ്തിട്ടുണ്ട്. 02/11/2019 മുതൽ 03/11/2019 വരെ പഞ്ചായത്തിന്റെ ആഭിമുഖ്യത്തിൽ നടത്തിയ കേരളോത്സവത്തിനായി ട്രോഫികൾ സ്പോൺസർ ചെയ്തിട്ടുള്ളത് പ്രോഗ്രാം നോട്ടീസ് പ്രകാരം കോട്ടൂർ സന്തോഷ് (ഓം നമശിവായ കൺസ്ട്രക്ഷൻസ്), പ്രൈം ഫോക്കസ് ഡിജിറ്റൽ സ്റ്റുഡിയോ, താമരക്കുടി എന്നിവരാണ്. ട്രോഫികൾ സംഭാവന നല്കുന്നതിനായി ആളുകൾ ഉണ്ടായിരിക്കെ പഞ്ചായത്ത് ഫണ്ടിൽ നിന്നും ബിൽ നമ്പർ 1158/31.10.2019 മുഖേന 7,100/- രൂപ ചെലവഴിച്ചത് തടസ്സപ്പെടുത്തുന്നു. അധികമായി ചെലവ് ചെയ്ത തുകയ്ക്ക് മതിയായ വിശദീകരണം നൽകി തടസ്സം ഒഴിവാക്കേണ്ടതാണ്.

കേരളോത്സവം ആകെ ചെലവ് – 45,000/- രൂപ (വൗച്ചർ 21900580/17.10.2019 – 20,000/- രൂപ; വൗച്ചർ 21900625/02.11.2019 – 25,000/-രൂപ) ഓഡിറ്റ് അന്വേഷണം നം. 12/2021; 24.06.2021 ന് സ്പോൺസർമാർ എവർറോളിംഗ് ട്രോഫിയാണ് വാങ്ങി നല്കിയതെന്നും അവ സാങ്കേതിക കാരണങ്ങളാൽ നല്കാൻ കഴിഞ്ഞില്ലെന്നും ട്രോഫികൾ പഞ്ചായത്തിൽതന്നെ സൂക്ഷിച്ചിട്ടുള്ളതാണെന്നുമുള്ള മറുപടിയാണ് ലഭ്യമാക്കിയത്. ഇത് അംഗീകരിക്കത്തക്കതല്ല.

<u>1-14 വിനിയോഗ സാക്ഷ്യ പത്രം ഹാജരാക്കിയിട്ടില്ല. 34,73,602/- രൂപ തടസ്സപ്പെടുത്തുന്നു.</u>

സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ താഴെക്കൊടുത്തിട്ടുള്ള പ്രോജക്റ്റുകളുടെ വിനിയോഗ സാക്ഷ്യ പത്രം ഹാജരാക്കിയിട്ടില്ല.

| ക്രമ നം | പ്രോജക്ട് | തുക സ്വീകരിച്ച സ്ഥാപനം | അടവാക്കിയ തുക | ബിൽനം, തീയതി |
|---|---|---|---|---|
| 1 | അംഗനവാടികൾക്ക് കുടിവെള്ള പദ്ധതി (03/20)<br>അടങ്കൽ തുക - 8,40,980/- (ധനകാര്യ കമ്മീഷൻ ഗ്രാൻറ്) | ഭൂജല വകുപ്പ്, കൊല്ലം | 840980 | 15/19-20, 14-10-2019 |
| 2 | സ്ട്രീറ്റ് മെയിൻ ദീർഘിപ്പിക്കൽ (05/20)<br>അടങ്കൽ തുക - 1200000/- (ധനകാര്യ കമ്മീഷൻ ഗ്രാൻറ്) | കെ എസ് ഇ. ബി | 11,02,416 | 21, 22, 24, 25/19-20, 14-10-2019,<br>28, 29, 31/19-20, 29-10-2019 |
| 3 | സ്ട്രീറ്റ് ലൈൻ ദീർഘിപ്പിക്കൽ (15/20)<br>അടങ്കൽ തുക - 1403390/- (ധനകാര്യ കമ്മീഷൻ ഗ്രാൻറ്) | കെ എസ് ഇ. ബി | 13,80,206 | 13, 14 /19-20, 03-10-2019, 19, 20 /19-20,<br>28-10-2019, 26, 27/19-20, 29-10-2019 |
| 4 | ജീവനം (76/20)<br>അടങ്കൽ തുക - 50,000/- (തനതുഫണ്ട്) | ജില്ലാ പഞ്ചായത്ത്, കൊല്ലം | 50.000 | ചെക്ക് നം 258183, തീ-31-08-2019 |
| 5 | പ്രതീക്ഷാ ഭവൻ (320/20)<br>അടങ്കൽ തുക - 100,000/- (തനതുഫണ്ട്) | ജില്ലാ പഞ്ചായത്ത്, കൊല്ലം | 1,00,000 | ചെക്ക് നം 258188, തീ-30-09-2019 |
| | | ആകെ | 34,73,602 | |

വിനിയോഗ സാക്ഷ്യ പത്രം പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ലാത്തതിനാൽ ആകെ ചെലവഴിച്ച 34,73,602/- രൂപ തടസ്സപ്പെടുത്തുന്നു. വിശദമായ വിനിയോഗ സാക്ഷ്യപത്രം പരിശോധനയ്ക്ക് ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

ഓഡിറ്റ് അന്വേഷണം – 2/23-06-2021

തടസ്സപ്പെടുത്തിയ തുക - 34,73,602/- രൂപ

**1-15 കമ്പ്യൂട്ടർ അനുബന്ധ ഉപകരണങ്ങൾക്ക് എ എം സി(23/20)ഗ്യാരൻറി കാലയളവിലുള്ള ഉപകരണങ്ങൾക്കും വാർഷിക മെയിന്റനൻസ് കരാറിലേർപ്പെട്ടു. 57600/- രൂപ തടസ്സപ്പെടുത്തുന്നു.**

കമ്പ്യൂട്ടർ അനുബന്ധ ഉപകരണങ്ങൾക്ക് എ എം സി(23/20)

നിർവ്വഹണ ഉദ്യോഗസ്ഥൻ - സെക്രട്ടറി

അടങ്കൽ തുക — 100000/- രൂപ (തനതുഫണ്ട്)

ചെലവ് - 96000/- രൂപ

ചെക്ക് നമ്പർ - 0573974, തീയതി – 16-12-2019

താഴെ കൊടുത്തിരിക്കും പ്രകാരം കമ്പ്യൂട്ടർ അനുബന്ധ ഉപകരണങ്ങൾക്ക് എ എം സി നല്കുന്നതിലേയ്ക്കായി എഫ് 1, സൊല്യൂഷൻ, എഴുകോൺ എന്ന സ്ഥാപനത്തിന് 96000/- രൂപ നല്കി

| ക്ര. നം | ഇനം | എണ്ണം | നിരക്ക് | തുക |
|---|---|---|---|---|
| 1 | സെർവർ | 1 | 17,500 | 17,500 |
| 2 | ഡെസ്ക്ക്ടോപ്പ് കമ്പ്യൂട്ടർ | 22 | 1900 | 41,800 |
| 3 | പ്രിന്റർ | 02 | 800 | 1,600 |
| 4 | ലാപ് ടോപ്പ് | 03 | 5000 | 15,000 |
| 5 | സ്കാനർ | 03 | 700 | 2100 |
| 6 | യുപിഎസ് | 02 | 4500 | 9.000 |
| 7 | ലേസർ പ്രിന്റർ | 05 | 1800 | 9000 |
| | | | ആകെ | 96000 |

എന്നാൽ സാക്ഷ്യപ്പെടുത്തി ഹാജരാക്കിയ കമ്പ്യൂട്ടർ രജിസ്റ്റർ പ്രകാരം താഴെകൊടുത്തിട്ടുള്ള കമ്പ്യൂട്ടർ അനുബന്ധ ഉപകരണങ്ങൾക്ക് മാത്രമാണ് എ എം സിയിൽ ഏർപ്പെടേണ്ടതായി ഉള്ളത്.

| ക്ര. നം | ഇനം | എണ്ണം | നിരക്ക് | തുക |
|---|---|---|---|---|
| 1 | സെർവർ | 1 | 17,500 | 17,500 |
| 2 | ഡെസ്ക്ക്ടോപ്പ് കമ്പ്യൂട്ടർ | 11 | 1900 | 20,900 |
| | | | ആകെ | 38,400 |

എ എം സി നല്കുന്നതിന് ഉൾപ്പെടാത്ത ഉപകരണങ്ങൾക്ക് എ എം സി നല്കുന്നതിനായി തുക നല്കിയതിന് വിശദീകരണം ആവശ്യപ്പെട്ട് 23-06-2021ൽ നല്കിയ ഓഡിറ്റ് അന്വേഷണത്തിന് (നം 2) പഞ്ചായത്തിലും വിട്ടുകിട്ടിയ സ്ഥാപനങ്ങളിലും ഉള്ള കമ്പ്യൂട്ടർകൾക്കും അനുബന്ധ ഉപകരണങ്ങൾക്കുമാണ് എഎംസിക്ക് കരാറിലേർപ്പെട്ടിട്ടുള്ളതെന്നും കമ്പ്യൂട്ടർ സ്റ്റോക്ക് രജിസ്റ്ററിൽ ചേർക്കാൻ വിട്ടുപോയിട്ടുള്ളതാണെന്നും മറുപടി നല്കി, എന്നാൽ ആയത് തെളിയിക്കുന്നതിനുള്ള രേഖകൾ ഒന്നും തന്നെ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. മതിയായ രേഖകൾ ഹാജരാക്കാക്കിയിട്ടില്ലാത്തതിനാൽ ചെലവഴിച്ച (96000-38400) 57,600/- രൂപ തടസ്സപ്പെടുത്തുന്നു. രേഖകൾ പരിശോധിച്ച് വാറൻറി കാലയളവിലുള്ള ഉപകരണങ്ങൾക്ക് എഎംസിക്ക് കരാറിലേർപ്പെട്ടിട്ടില്ലായെന്ന് ഉറപ്പുവരുത്തി രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

ഓഡിറ്റ് എൻക്വയറി നം. – 2/23.6.2021

തടസ്സപ്പെടുത്തുന്ന തുക – 57,600/- രൂപ

1-16 പട്ടിക ജാതി വിദ്യാർത്ഥികൾക്ക് പഠനമുറി (18/19-20) ആദ്യ ഗഡുക്കൾ കൈപ്പറ്റിയിട്ട് നിർമ്മാണം പൂർത്തീകരിച്ചിട്ടില്ല,, 2,50,000 രൂപ തടസ്സപ്പെടുത്തുന്നു.

പ്രോജക്ട് - പട്ടിക ജാതി വിദ്യാർത്ഥികൾക്ക് പഠനമുറി (18/19-20)

നിർവ്വഹണ ഉദ്യോഗസ്ഥൻ - അസി. സെക്രട്ടറി

അടങ്കൽ തുക - 40,00,000/- രൂപ (വികസന ഫണ്ട് എസ്.സി.പി )

പട്ടിക ജാതി വിദ്യാർത്ഥികൾക്ക് പഠനമുറി എന്ന പ്രോജക്ടിൽ ഉൾപ്പെട്ട് ഗഡുക്കൾ കൈപ്പറ്റിയിട്ടുള്ള താഴെ കൊടുത്തിരിക്കുന്ന ഗുണഭോക്താക്കൾ നാളിതുവരെ പ്രവൃത്തി പൂർത്തീകരിച്ചിട്ടില്ല.

| ക്ര.നം | ഗുണഭോക്താവിന്റെ പേര് | കൈപ്പറ്റിയ തുക | ബിൽ നം, തീയതി |
|---|---|---|---|
| 1 | അമൽകൃഷ്ണ, ചരുവിള പുത്തൻവീട്, താമരക്കുടി | 50,000<br>50,000 | 30, തീ 19-11-2019<br>51, തീ 28-01-2020 |
| 2 | വിശാഖ് ആർ, വാലുതുണ്ടിൽ വീട്, പുലമൺ | 50,000<br>50,000 | 26, തീ 11-11-2019<br>6, തീ 28-09-2020 |
| 3 | ഭൂമിക ബാൽ ശങ്കർ, ചരുവിള പുത്തൻവീട്, പള്ളിക്കൽ | 50,000 | 6, തീ 14-08-2019 |

ഗഡുക്കൾ കൈപ്പറ്റിയിട്ട് നാളിതുവരെ നിർമ്മാണം പൂർത്തീകരിക്കാത്തത് സംബന്ധിച്ച് നല്കിയ ഓഡിറ്റ് അന്വേഷണത്തിന് (നം 3, തീ 23-06-2021) നിർമ്മാണം പൂർത്തീകരിക്കുന്നതിന് തുടർ നടപടികൾ സ്വീകരിക്കുന്നതാണെന്ന മറുപടി ലഭ്യമാക്കി. ഗഡുക്കൾ കൈപ്പറ്റിയിട്ട് നാളിതുവരെ നിർമ്മാണം പൂർത്തീകരിക്കാത്ത സാഹചര്യത്തിൽ ടി 3 ഗുണഭോക്താക്കൾക്ക് നല്കിയിട്ടുള്ള 2,50,000/- രൂപ തടസ്സപ്പെടുത്തുന്നു. ഗുണഭോക്താക്കളെക്കൊണ്ട് നിർമ്മാണം പൂർത്തീകരിപ്പിക്കുകയോ, അല്ലാത്തപക്ഷം അവർക്ക് നല്കിയ തുക തിരികെ ഈടാക്കുന്നതിനുള്ള നിയമാനുസൃത നടപടികൾ സ്വീകരിക്കുകയോ ചെയ്യേണ്ടതാണ്.

ഓഡിറ്റ് അന്വേഷണം നം. – 3/23-06-2021

തടസ്സപ്പെടുത്തിയ തുക - 2,50,000/- രൂപ

1-17 ജനറേറ്റർ പ്രവർത്തനം - ലോഗ് ബുക്ക് രേഖപ്പെടുത്തലുകൾ അപൂർണ്ണം

ലഭ്യമാക്കിയ ചെലവ് രേഖകൾ പ്രകാരം പഞ്ചായത്തിൽ ഉപയോഗിച്ചുവരുന്ന ജനറേറ്ററിന് 2019-20 വർഷം 310 ലിറ്റർ ഡീസൽ ഉപയോഗിച്ചിട്ടുള്ളതായി കണ്ടു. ജനറേറ്ററിന്റെ പ്രവർത്തന ക്ഷമത സംബന്ധിച്ചുള്ള രേഖകൾ ഒന്നും തന്നെ സൂക്ഷിച്ചിട്ടില്ല. ഉപകരണത്തിന്റെ ലോഗ് ബുക്ക് രേഖപ്പെടുത്തലുകൾ തികച്ചും അപൂർണ്ണമാണ്. ഇന്ധനം നിറയ്ക്കുന്നത് സംബന്ധിച്ച രേഖപ്പെടുത്തൽ മാത്രമാണ് ഉള്ളത്. ലിറ്ററൊന്നിന് എത്ര ക്ഷമതയോടെ ജനറേറ്റർ പ്രവർത്തിക്കുമെന്നതിന് ഉപോത്ബലകമായ ഇന്ധനക്ഷമതാറിപ്പോർട്ട് നിലവിലില്ല. ഇതിനാൽതന്നെ ഇന്ധന ഉപഭോഗത്തിന്റെ കൃത്യത ഉറപ്പുവരുത്താൻ കഴിയാത്ത സ്ഥിതിയുണ്ട്. ജനറേറ്റർ റീഡിംഗ് യഥാസമയം ഉൾച്ചേർത്ത് ലോഗ് ബുക്ക് രേഖപ്പെടുത്തലുകൾ സുതാര്യമാക്കി ആധികാരികമാക്കേണ്ടത് അനിവാര്യമാണ്.

1-18 KMSCL ൽ നിന്ന് മരുന്നുകൾ പൂർണമായും ലഭ്യമായിട്ടില്ല- അടിയന്തിര നടപടികൾ അനിവാര്യം

മെഡിക്കൽ ഓഫീസർ (പി.എച്ച്.സി) നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ പദ്ധതികൾ പ്രകാരം തുക മുൻകൂറായി നൽകിയിട്ടും കേരള മെഡിക്കൽ സർവീസ് കോർപ്പറേഷനിൽ നിന്നും മരുന്നുകൾ പൂർണമായും ലഭ്യമായിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| പ്രോജക്ട് നം./ ഫണ്ടിനം. | കെ.എം.എസ്.സി.എൽ -ന് നൽകിയ രൂപ/ ബിൽ നം., തീയതി. | ഇൻവോയിസ് നം/ തീയതി. | ലഭിച്ച മരുന്നുകൾ (രൂപ) |
|---|---|---|---|
| 38/20 മെയിന്റനൻസ് ഫണ്ട്(റോഡിതരം) | 2,50,000/- 13/17.10.19 | 7028/25.10.19 | 131800 |
| | | 1078/5.11.19 | 8090 |
| | | 1356/3.12.19 | 31992 |
| | | 9448/31.12.19 | 4658 |
| | | 224/8.4.20 | 11329 |
| | | 642/29.4.21 | 4244 |
| ആകെ ലഭിച്ച മരുന്നുകൾ | | | 192113/- |
| ആകെ ലഭിക്കാൻ അവശേഷിക്കുന്ന മരുന്നുകൾ | | | 57887/- |

ടി അപാകത ചൂണ്ടിക്കാട്ടി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മരുന്നുകൾ അടിയന്തിരമായി ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്ന് കെ.എം.എസ്.സി.എല്ലിൽ നിന്നും അറിയിപ്പ് ലഭിച്ചിട്ടുണ്ടെന്നും ആയത് ലഭിക്കുന്ന മുറയ്ക്ക് ഓഡിറ്റിലറിയിക്കുന്നതാണെന്നും മറുപടി നൽകി.

മരുന്നുകൾ ലഭ്യമാകുന്ന മുറയ്ക്ക് ആയത് സ്റ്റോക്കിലെടുത്ത് രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്. ആരോഗ്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ശ്രദ്ധ ഈ വിഷയത്തിൽ ഉണ്ടാകേണ്ടതാണ്.
ഓഡിറ്റ് എൻക്വയറി – 6/2021/23.06.2021

1-19 വീട് മെയിന്റനൻസ് പൂർത്തിയാക്കിയിട്ടില്ല.

വാസയോഗ്യമല്ലാത്ത വീടുകൾ വാസയോഗ്യമാക്കുന്നതിനായി വിഭാവനം ചെയ്ത വീട് മെയിന്റനൻസിന്റെ വിവിധ പ്രോജക്ടുകളിലായി ആനുകൂല്യം കൈപ്പറ്റിയ താഴെ പറയുന്ന വ്യക്തികൾ പണി പൂർത്തിയാക്കി രണ്ടാം ഗഡു കൈപ്പറ്റിയില്ല.

| പ്രോജക്ട് നമ്പർ, പേര്, അടങ്കൽ | ഗുണഭോക്താവിന്റെ പേര് | ചെലവ് തുക | ബിൽ നമ്പർ | നൽകിയ തുക | ലഭ്യമാക്കിയ മറുപടിയുടെ വിവരം |
|---|---|---|---|---|---|
| 11/19-20വാസയോഗ്യ മല്ലാത്ത | ശ്രീമതി കമലമ്മ. വയലിറക്കത്ത് വീട്, വാർഡ് 2 | 3400000 | 17/18.9.19 | 10000/- | പണി പൂർത്തീകരിച്ചിട്ടില്ല. |

| | | | | | |
|---|---|---|---|---|---|
| വീട്ടുകൾ വാസയോ ഗ്യമാക്കൽ (ജനറൽ) വികസന ഫണ്ട് 3500000- | | | | | നോട്ടീസ് അയച്ച് തുടർ നടപടി സ്വീകരിക്കുന്നതാണ് എന്നറിയിച്ചു. |
| ,, | സാറാമ്മാ സൈമൺ രാമങ്കുഴി തെക്കത്. വാർഡ് 4 | ,, | 7/18.9.19 | 10000 | ,, |
| ,, | ജ്യോതി ലക്ഷ്മി, അപർണനിലയം. വാർഡ് 12 | ,, | 49/29.1.20 | ,, | ,, |
| ,, | സരസ്വതിയമ്മ,സുമേഷ് ഭവൻ വാർഡ് 16 | ,, | 46/29.1.20 | 10000 | ,, |
| ,, | ദീപ കൊച്ചുണ്ടിൽ വാർഡ് 16 | ,, | 46/29.01.20 | 10000 | ,, |
| ,, | ബിന്ദു വിനോദ്.അനന്തു ഭവൻ.വാർഡ് 17 | ,, | 17/18.9.19 | 10000 | ,, |
| ,, | സ്മിത ചരുവിള വീട്. | ,, | 17/18.9.19 | 10000 | ,, |
| 11/19-20വാസയോഗ്യ മല്ലാത്ത വീട്ടുകൾ വാസയോ ഗ്യമാക്കൽ തനത് ഫണ്ട് 1500000 | ലളിത രമ്യാഭവനം. വാർഡ് 4 | 165000 | ചെക്ക് നം.51901073/16.3.20 | 10000 | ,, |
| ,, | പങ്കജാക്ഷിയമ്മ കാര്യാട്ട് വീട് വാർഡ്-12 | ,, | ചെക്ക് നം.51901098/27.3.20 | 10000 | ,, |
| ,, | റംലത്ത് ബീവി മുട്ടവിള വീട് വാർഡ്-16 | ,, | ചെക്ക് നം.51901098/27.3.20 | 10000 | ,, |
| 12/19-20വാസയോഗ്യ മല്ലാത്ത വീട്ടുകൾ വാസയോ ഗ്യമാക്കൽ (എസ്. സി. | ശോഭന രാജേഷ് ഭവൻ വാർഡ്-6 | 1220000 | 18/20.9.19 | 20,000 | ,, |

| | | | | | |
|---|---|---|---|---|---|
| പി.)ഫണ്ട് 2120000 | | | | | |
| ,, | രാഘവൻ ശരത് ഭവൻ വാർഡ്-20 | ,, | 27/22.10.19 | 20000 | ,, |
| ,, | ലീല കുളമാൻ വിള , വാർഡ്-16 | ,, | ,, | 20000 | ,, |

പണിപൂർത്തീകരിക്കാനുള്ള തുടർ നടപടി സ്വീകരിച്ച് വിവരം അറിയിക്കേണ്ടതാണ്.

ഓഡിറ്റ് എൻക്വയറി നമ്പർ - 15/25.6.21

1-20 ഇ ടെണ്ടർ ഫീ വരവ് വന്നിട്ടില്ല, പഞ്ചായത്ത് ഫണ്ടിന് നഷ്ടം

അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണം നടത്തിയ പൊതുമരാമത്ത് പ്രവൃത്തികളുടെ ഇ ടെണ്ടറുകളുടെ ടെണ്ടർ ഫീ ഒടുക്ക് വന്നിരിക്കുന്നത് ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ അക്കൗണ്ടിലേക്കാണ്. ടി തുക ഗ്രാമപഞ്ചായത്ത് അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ക്രഡിറ്റ് ചെയ്തതിന്റെ വിശദാംശങ്ങൾ രേഖാ മൂലം ആവശ്യപ്പെട്ടപ്പോൾ (ഓഡിറ്റ് എൻക്വയറി നം – 09/24-06-2021) ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ അക്കൗണ്ടിലേക്ക് ഒടുക്ക് വന്നിരിക്കുന്ന, ഗ്രാമപഞ്ചായത്തിന്റെ സെപ്റ്റംബർ 2020 വരെയുള്ള ഈ-ടെണ്ടർ നടത്തിയ മരാമത്ത് പ്രവൃത്തികളുടെ, ടെണ്ടർ ഫീ റീഫണ്ട് ചെയ്യുന്നതിനായി കത്ത് നൽകിയിട്ടുള്ളതായി അസിസ്റ്റന്റ് എഞ്ചിനീയർ മറുപടി നൽകി. 2016 മുതൽ നാളിതുവരെയായി ടെണ്ടർ ഫീയിനത്തിൽ 566408/- രൂപ ലഭിക്കാനുണ്ട്. ടി തുക ലഭ്യമാക്കി ഗ്രാമപഞ്ചായത്ത് അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ക്രഡിറ്റ് ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

1-21 സബ്സിഡി വിതരണം നടത്തിയതിനാധാരമായ രേഖകൾ ഇല്ല

കാലിത്തീറ്റ സബ്സിഡി വിതരണം നടത്തിയിരിക്കുന്നതിനാധാരമായ രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കിയില്ല.

പ്രോജക്ട് - കറവപ്പശുക്കൾക്ക് കാലിത്തീറ്റ സബ്സിഡി, 205/2020

നിർവ്വഹണ ഉദ്യോഗസ്ഥൻ – ക്ഷീരവികസന ഇൻസ്പക്ടർ

ഫണ്ട് - വികസനഫണ്ട്(ജനറൽ)

ചെലവ് - 235395/- രൂപ

ടി പദ്ധതി പ്രകാരം കാലിത്തീറ്റ വിതരണം നടത്തുന്നതിനുള്ള സബ്സിഡി ഗുണഭോക്താവിന്റെ അക്കൗണ്ടിലേക്കാണ് വിതരണം നടത്തുന്നത്. പുലമൺ ക്ഷീരസംഘത്തിൽ പാലളവ് നടത്തിയ ക്ഷീരകർഷകർക്ക് കാലിത്തീറ്റയുടെ വിലയുടെ 50% നിരക്കിൽ സബ്സിഡിയായി 18615/- (ബിൽ നം. 05/19-20/23-03-2020 ) അനുവദിച്ചിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു. ടി തുകയിൽ 6570/- രൂപ കൈപ്പറ്റിയ ചുവടെ സൂചിപ്പിക്കുന്ന ഗുണഭോക്താക്കൾ ക്ഷീരസംഘത്തിൽ നിന്നും കാലത്തീറ്റ വിതരണം ചെയ്തതിന്റെ ക്യാഷ് രസീത്/അനുബന്ധ രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കിയില്ല.

| തുക കൈപ്പറ്റിയവരുടെ പേര് | കൈപ്പറ്റിയ സബ്സിഡി തുക | അക്കൗണ്ട് നമ്പർ |
|---|---|---|
| മിനിമോൾ | 1095/- രൂപ | 37838864829(SBI) |
| പൊടിയമ്മ. സി | 1095/- രൂപ | 57022897230(SBI) |
| | | |

| | | |
|---|---|---|
| ലീലാമ്മ | 1095/- രൂപ | 10360100357959(FEDERAL) |
| സി. സത്യൻ | 1095/- രൂപ | 13080100242905(FEDERAL) |
| കെ. ഓമന | 1095/- രൂപ | 10360100357512(FEDERAL) |
| പി. സതി | 1095/- രൂപ | 4298001700106500(PUNJAB) |

രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കാനായി രേഖാമൂലം ആവശ്യപ്പെട്ടപ്പോൾ കാലിത്തീറ്റ വിതരണം നടത്തിയതിന്റെ രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കാം എന്ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്. രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കുന്നതുവരെ ടി ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കി ഓഡിറ്റ് തടസ്സം ഒഴിവാക്കേണ്ടതാണ്.

എൻക്വയറി നം - 17/25-06-2020

തടസ്സപ്പെടുത്തിയ തുക - 6570/- രൂപ

1-22 ലൈഫ് ഭവന പദ്ധതി - അവലോകനം

ലൈഫ് മിഷൻ പ്രകാരം ഭൂമിയുള്ള ഭവനരഹിതർക്ക് ഭവനം എന്ന പദ്ധതി പ്രോജക്ട് നമ്പർ 330/20- ജനറൽ വിഭാഗത്തിൽപ്പെട്ട ഗുണഭോക്താക്കൾക്കും പ്രോജക്ട് നമ്പർ 331/20- പ്രകാരം പട്ടികജാതി വിഭാഗത്തിൽപ്പെട്ടവർക്കുമായി തൻവർഷം നടപ്പിലാക്കി. പദ്ധതികളുടെ ഫണ്ട് വകയിരുത്തൽ ചുവടെ ചേർക്കുന്നു.

| 330/20-ജനറൽ | | | 331/20 പട്ടികജാതി | | |
|---|---|---|---|---|---|
| ഫണ്ട് | അടങ്കൽ | ചെലവ് | ഫണ്ട് | അടങ്കൽ | ചെലവ് |
| വികസനഫണ്ട് പൊതുവിഭാഗം | 2320788 | 2320788 | വികസനഫണ്ട് എസ്.സി.പി | 1391294 | 1391294 |
| സംസ്ഥാവിഷ്കൃത ഫണ്ട് | 15400000 | 9420000 | സംസ്ഥാവിഷ്കൃത ഫണ്ട് | 4900000 | 2175000 |
| ആകെ | 17720788 | 11740788 | ആകെ | 6291294 | 3566294 |

ജനറൽ വിഭാഗത്തിൽപ്പെട്ട 147 ഗുണഭോക്താക്കൾ എഗ്രിമെന്റ് വച്ചതിൽ 138 ഗുണഭോക്താക്കൾ പ്രവൃത്തി പൂർത്തീകരിച്ചു. 9 ഗുണഭോക്താക്കൾ പ്രവൃത്തി പൂർത്തീകരിക്കാൻ അവശേഷിക്കുന്നുണ്ട്. ഇതിൽ 2 ഗുണഭോക്താക്കൾ മുൻകൂറായി 40,000/- രൂപ വീതം കൈപ്പറ്റിയെങ്കിലും ഗൃഹനിർമ്മാണം ആരംഭിച്ചിട്ടില്ല. പട്ടികജാതിവിഭാഗത്തിൽപ്പെട്ട ഗുണഭോക്താക്കളിൽ വീട് നിർമ്മാണത്തിനായി എഗ്രിമെന്റ് ചമച്ച 46 പേരിൽ 41 പേർ വീട് നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ടെങ്കിലും 5 പേർ പ്രവൃത്തി പൂർത്തീകരിക്കാൻ അവശേഷിക്കുന്ന സ്ഥിതിയാണുള്ളത്. ഇതിൽ ഒരു ഗുണഭോക്താവ് മുൻകൂറായി 40,000/- രൂപ കൈപ്പറ്റിയെങ്കിലും ഗൃഹനിർമ്മാണം ആരംഭിച്ചിട്ടില്ല.

വീട് നിർമ്മാണം പൂർത്തീകരിപ്പിക്കുന്നതിനോ അല്ലാത്തപക്ഷം നൽകിയ തുക തിരികെ ഈടാക്കുന്നതിനോ നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഓഡിറ്റ് അന്വേഷണം - 16/2021; 25.6.2021

1-23 മുൻകൂറുകൾ സമയബന്ധിതമായി ക്രമീകരിക്കുന്നില്ല

നിർവ്വഹണ ഉദ്യോഗസ്ഥരുടെ കണ്ടിജൻസി ചെലവുകൾക്കായി 2019-20 വർഷം വിവിധ സ്ഥാപനങ്ങൾക്കായി പഞ്ചായത്ത് തനത് ഫണ്ടിൽ നിന്നും മുൻകൂറായി നല്കിയ തുകകൾ വർഷാവസാനവും പൂർണ്ണമായി ക്രമീകരിക്കാത്ത നിലയാണുള്ളത്. സർക്കാർ ഉത്തരവ് (പി)നം.419/11.ധന. തീയതി. 04.10.2011-ലെ നിർദ്ദേശമനുസരിച്ച് മുൻകൂർ കൈപ്പറ്റിയ തീയതി

മുതൽക്ക് മൂന്ന് മാസത്തിനകം ക്രമീകരിക്കാത്തപക്ഷം 18% പലിശയുൾപ്പെടെ തിരിച്ച് പിടിക്കേണ്ടതാണ്. വിശദാംശങ്ങൾ താഴെചേർക്കുന്നു.

| ക്രമ നം | മുൻകൂർ കൈപ്പറ്റിയ നിർവഹണ ഉദ്യോഗസ്ഥൻ | വൗച്ചർ നം/തീ | മുൻകൂർ തുക | ക്രമീകരിക്കാൻ അവശേഷിക്കുന്ന തുക |
|---|---|---|---|---|
| 1 | ഡോ. രമാദേവി<br>മെഡിക്കൽ ഓഫിസർ ആയുർവേദം | 21900325/1.8.19 | 22000 | 7662 |
| 2 | ഡോ. രാജീവ് എം<br>വെറ്ററിനറി സർജൻ, മൈലം | 21900327/1.8.19 | 52000 | 27660 |
| 3 | ഡോ. ദീപ എസ് ആർ<br>മെഡിക്കൽ ഓഫിസർ പി.എച്ച്.സി | 21900326/1.8.19 | 5690 | 1027 |
| 4 | ഡോ. ദീപ എസ് ആർ<br>മെഡിക്കൽ ഓഫിസർ പി.എച്ച്.സി | 21900397/19.8.19 | 49000 | 20504 |
| 5 | ശ്രീമതി. ചിത്ര<br>കൃഷി ഓഫീസർ | 21900398/19.8.19 | 50000 | 3625 |
| 6 | ശ്രീ. ജെയിംസ് ജോർജ്ജ്<br>ഹെഡ്മാസ്റ്റർ, ഗവ. കെവി എൽ പി എസ് | 21900399/19.8.19 | 30000 | 15914 |
| 7 | ശ്രീമതി. സി. ഗിരിജ<br>ഹെഡ്മാസ്റ്റർ, ജി.ഡബ്ല്യു.എൽ പി എസ് അന്തമൺ | 21900400/19.8.19 | 6000 | 993 |
| 8 | ശ്രീ. അജിരാജൻപിള്ള<br>ഹെഡ്മാസ്റ്റർ, ജി.ഡബ്ല്യു.എൽ പി എസ് താമരക്കുടി | 21900401/19.8.19 | 18000 | 13680 |
| 9 | ശ്രീമതി. അമ്പിളി എസ്<br>ഹെഡ്മാസ്റ്റർ, ജി.ഡബ്ല്യു.എൽ പി എസ് ഇഞ്ചക്കാട് | 21900402/19.8.19 | 7000 | 3547 |
| 10 | ശ്രീമതി. മിനികുമാരി<br>ഹെഡ്മാസ്റ്റർ, എൽ പി എസ് കോട്ടാത്തല | 21900403/19.8.19 | 6000 | 2458 |
| 11 | ശ്രീ. ശ്രീജിത്ത് ജെ<br>ഹെഡ്മാസ്റ്റർ, ഡബ്ല്യു എൽ പി എസ് കോട്ടാത്തല | 21900404/19.8.19 | 4000 | 2228 |
| 12 | ശ്രീമതി. നസീമബീവി എസ്<br>ഹെഡ്മിസ്ട്രസ്, ജി എൽ പി ജി എസ് കോട്ടാത്തല | 21900405/19.8.19 | 10000 | 1506 |
| 13 | ശ്രീമതി. രമ<br>ഹെഡ്മാസ്റ്റർ, ഡബ്ല്യു എൽ പി എസ് പുലമൺ | 21900406/19.8.19 | 4000 | 4000 |

മുൻകൂർ രജിസ്റ്റർ രേഖപ്പെടുത്തലുകൾ കാലികമാക്കുകയോ ആധികാരികമാക്കുകയോ ചെയ്യാത്ത സാഹചര്യമാണുള്ളത്. മുൻകൂർ തുക ക്രമവൽക്കരിച്ച് വിശദാംശങ്ങൾ സഹിതം വിവരം

അറിയിക്കേണ്ടതാണ്.

ഓഡിറ്റ് അന്വേഷണം നം – 01/2021/22.06.2021

<u>ഭാഗം -2</u>

<u>2-1 റീസ്റ്റോറേഷൻ ചാർജജ് കുറവായി ഈടാക്കി-120356 രൂപയുടെ നഷ്ടം</u>

മൈലം ഗ്രാമപഞ്ചായത്തിലെ പെരുങ്കുളം-മുഴിക്കോട് റോഡിൽ 50 മീറ്റർ നീളത്തിൽ കോൺക്രീറ്റ് റോഡ് കട്ട് ചെയ്ത് ഒപ്റ്റിക്കൽ ഫൈബർ കേബിൾ സ്ഥാപിക്കുന്നതിനുള്ള അനുവാദത്തിനായി റിലയൻസ് ഇൻഫോകോം ലിമിറ്റഡ് എന്ന സ്ഥാപനം 22.6.2018 ൽ അപേക്ഷ നൽകി.അപേക്ഷ പ്രകാരം എൽ എസ്.ജി.ഡി വിഭാഗം അസിസ്റ്റന്റ് എൻജിനീയർ 29.3.2019 ൽ നൽകിയ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ 156306 രൂപ ഈടാക്കി ഒപ്റ്റിക്കൽ ഫൈബർ കേബിൾ ഇടുന്നതിന് അനുമതി നൽകുകയും ചെയ്തു.

എന്നാൽ, പൊതുമരാമത്തുവകുപ്പ് ചീഫ് എൻജിനീയറുടെ 22-5-2018ലെ CE/R & B/GL - RC / 1/2018 ഉത്തരവ് പ്രകാരം, 50 മീറ്റർ നീളത്തിൽ കോൺക്രീറ്റ് റോഡ് കട്ട് ചെയ്ത് ഒപ്റ്റിക്കൽ ഫൈബർ കേബിൾ സ്ഥാപിക്കുന്നതിന് റീസ്റ്റോറേഷൻ ചാർജ്ജ് ഈടാക്കുമ്പോൾ ജി.എസ്.ടി. ഉൾപ്പെടെ 276662/- രൂപ ഈടാക്കേണ്ടതുണ്ട്. വിശദവിവരം ചുവടെ ചേർക്കുന്നു.

| ഈടാക്കിയ നിരക്ക് | ഈടാക്കേണ്ടത് |
|---|---|
| 50 X0.5=25 M2<br>25m2 X6252.24/M2<br>=156306/- | 50 X0.5 X1.5 =37.5 M2<br>37.5 M2 X6252.24/M2<br>=234459+42203(GST)<br>=276662/- |
| നഷ്ടം - 276662- 156306=120356/- | |

തുക കുറവായി ഈടാക്കിയതിന് വിശദീകരണം ലഭ്യമാക്കുന്നതിന് നൽകിയ എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയില്ല. റീസ്റ്റോറേഷൻ ചാർജ്ജിനത്തിൽ നഷ്ടമായ 120356/- രൂപ റിലയൻസ് ഇൻഫോകോം ലിമിറ്റഡ് എന്ന സ്ഥാപനത്തിൽ നിന്ന് ഈടാക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതും അല്ലാത്ത പക്ഷം റീസ്റ്റോറേഷൻ ചാർജ്ജ് തെറ്റായി കണക്കാക്കിയ എഞ്ചിനീയറിൽ നിന്നും ഈടാക്കി ഓഡിറ്റിൽ അറിയിക്കേണ്ടതുമാണ്.

എൻക്വയറി നം - 14/25.6.2021

നഷ്ടം - 120356/- രൂപ

ഉത്തരവാദിയായ ഉദ്യോഗസ്ഥൻ - അസി. എൻജിനീയർ

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -4

### 4-1 വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2019-20 | 21/6/2021 & 22/6/2021 | കെ.എസ്.എ.കെ.എൽ.എം.പി/757/2021, തീ 29.6.2021 |

### 4-2 സംയുക്തപ്രോജക്റ്റുകൾക്ക ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2019-20 | 45050 | നെൽക്യഷി വികസനം | 45050 | - |
| ബ്ലോക്ക് പഞ്ചായത്ത് | 2019-20 | 900000 | ലൈഫ് മിഷൻ-ഭ്രരഹിതർക്ക് ഭ്രമി വാങ്ങൽ-ജനറൽ | | 900000 |
| ബ്ലോക്ക് പഞ്ചായത്ത് | 2019-20 | 900000 | ലൈഫ് മിഷൻ-ഭ്രരഹിതർക്ക് ഭ്രമി വാങ്ങൽ- എസ്സ്.സി | | 900000 |
| ബ്ലോക്ക് പഞ്ചായത്ത് | 2019-20 | 100000 | അഗതിരഹിതകേരളം -ജനറൽ | 100000 | - |
| ബ്ലോക്ക് പഞ്ചായത്ത് | 2019-20 | 100000 | പാലിയേറ്റീവ്കെയർ | 100000 | - |
| ജില്ലാ പഞ്ചായത്ത് | 2019-20 | 250000 | അങ്കണവാടി പോഷകാഹാരം | 250000 | - |
| ബ്ലോക്ക് പഞ്ചായത്ത് | 2019-20 | 75000 | ശാരീരിക മാനസികവെല്ലുവിളി നേരിടുന്നവർക്ക് പഠനസഹായം | 75000 | - |
| ബ്ലോക്ക് പഞ്ചായത്ത് | 2019-20 | 72254 | ക്ഷീരകർഷകർക്ക് പാലിന് സബ്സിഡി | 72254 | - |

### 4-3 നിക്ഷേപപ്രവ്യത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവ്യത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവ്യത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| ക്രമ നം. | നിർവണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നമ്പർ/ ചെക്ക് നം./UTR No. | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| 1 | KWA | അംഗൻവാടികൾക്ക് കുടിവെള്ളപദ്ധതി-3/2020 | 15/19-20, 14-10-2019 | 840980 | - | 840980 |
| 2 | KSEB | സ്ട്രീറ്റ് മെയിൻ വലിക്കൽ-5/2020 | 21, 22, 24, 25/19-20,<br>14-10-2019,<br>28, 29, 31/19-20,<br>29-10-2019 | 1102416 | - | 1102416 |
| 3 | KSEB | സ്ട്രീറ്റ് മെയിൻ വലിക്കൽ-15/2020 | 13, 14 /19-20, 03-10-2019, 19, 20/19-20,<br>28-10-2019, 26, 27/19-20, 29-10-2019 | 1380206 | - | 1380206 |
| 4 | KSEB | ഇലക്ട്രിക്ക് പോസ്റ്റ് ഷിഫ്റ്റിംഗ്-16/2020 | 21900757/27.11.19<br>21901165/27.2.2020 | 80094 | - | 80094 |

## 4-4 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല

## 4-5 വായ്പ / വായ്പാതിരിച്ചടവ്

ഓഡിറ്റ് വർഷം പഞ്ചായത്തിന് വായ്പയിനത്തിൽ 47,80,000/- രൂപ വരവുണ്ട്. മുൻബാക്കി 2,48,92,465/- രൂപയടക്കം 2,96,72,465/-രൂപയിൽ 1,61,92,483/- രൂപ വിനിയോഗിച്ചിട്ടുണ്ട്.

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ലഭിച്ച തീയതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ഹഡ്കോ വായ്പലൈഫ് ഭവനനിർമ്മാണം | 2278/ തസ്വഭവ 18.8.2018 | 4780000 | 24892465 | 2658236 | | 27014229 |

## 4-6 സ്ഥിര നിക്ഷേപം

ഇല്ല.

## 4-7 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം വരവില്ല.

## 4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടികളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2014-15 | 2-5 | 2016-17 | 1-അനുബന്ധം 3 | വസ്തുനികുതി | |
| 2014-15 | 2-6 | 2016-17 | 2-അനുബന്ധം 3 | തൊഴിൽനികുതി | |

## 4-9 ചാർജ് /സർചാർജ് നടപടികളുടെ വിവരം

(എ) ചാർജ് നടപടി വഴി ഈടാക്കിയ തുക

ഇല്ല

(ബി) സർചാർജ് നടപടി വഴി ഈടാക്കിയ തുക

ഇല്ല

## 4-10 ഓഡിറ്റ് പ്രത്യവലോകനം

(എ) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 2-1 | 120356 | | ശ്രീതി. അനുദേവ, അസി. എൻജിനീയർ |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-13 | 7,100 | ശ്രീ. റ്റി. ശിവകുമാർ, സെക്രട്ടറി |
| 1-14 | 34,73,602 | ശ്രീ. റ്റി. ശിവകുമാർ, സെക്രട്ടറി |
| 1-15 | 57,600 | ശ്രീ. റ്റി. ശിവകുമാർ, സെക്രട്ടറി |
| 1-16 | 2,50,000 | ശ്രീമതി. അനിതകുമാരി, അസിസ്റ്റന്റ് സെക്രട്ടറി |
| 1-21 | 6570 | ശ്രീമതി. മീര, ഡയറിഫാം ഇൻസ്ട്രക്ടർ |
| 1-12 | 2928 | ശ്രീമതി. മീര, ഡയറിഫാം ഇൻസ്ട്രക്ടർ |
| ആകെ | 37,97,800 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല.

(ഡി) <u>നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ</u>

ഇല്ല.

(ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ<br>(ഓഡിറ്റ് നടന്ന സമയത്തെ)<br>ഔദ്യോഗിക മേൽവിലാസം | സ്ഥിരം<br>മേൽവിലാസം |
|---|---|---|
| റ്റി. ശിവകുമാർ<br>സെക്രട്ടറി | സെക്രട്ടറി<br>ചവറ ഗ്രാമപഞ്ചായത്ത് | മേഘമൽഹാർ<br>ആലാട്ട്കാവ്<br>കാവനാട് |
| അനിതകുമാരി<br>അസിസ്റ്റന്റ് സെക്രട്ടറി | അസിസ്റ്റന്റ് സെക്രട്ടറി<br>മൈലം ഗ്രാമപഞ്ചായത്ത് | കൃഷ്ണപ്രിയ<br>ഇഞ്ചക്കാട്<br>കൊട്ടാരക്കര |
| ശ്രീമതി. അനുദേവ<br>അസി. എൻജിനീയർ | അസി. എൻജിനീയർ<br>മൈലം ഗ്രാമപഞ്ചായത്ത് | അനുഷ്മം, പേരൂർ,<br>കൊല്ലം |
| ശ്രീമതി. മീര,<br>ഡയറിഫാം ഇൻസ്ട്രക്ടർ | ക്ഷീരവികസന ഓഫീസർ, ക്ഷീരവികസന ഓഫീസ്, വെട്ടിക്കവല | മീരാ ഭവൻ,<br>നടുത്തേരി, തലവൂർ |

<u>4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ</u>

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം |
|---|---|
| 1996-97 | കെ.എസ്.എ.കെ.എൽ.എം.പി11-407(6)/18 തീ.23.02.18 |
| 1997-98 | കെ.എസ്.എ.കെ.എൽ.എം.പി11-407(7)/18 തീ.23.02.18 |
| 1998-99 | കെ.എസ്.എ.കെ.എൽ.എം.പി11-407(8)/18 തീ.23.02.18 |
| 1999-00 | കെ.എസ്.എ.കെ.എൽ.എം.പി11-407(9)/18 തീ.23.02.18 |
| 2000-01 | കെ.എസ്.എ.കെ.എൽ.എം.പി11-407(10)/18 തീ.23.02.18 |
| 2001-02 | കെ.എസ്.എ.കെ.എൽ.എം.പി11-407(11)/18 തീ.23.02.18 |
| 2002-03 | കെ.എസ്.എ.കെ.എൽ.എം.പി11-407(12)/18 തീ.23.02.18 |
| 2003-04 | കെ.എസ്.എ.കെ.എൽ.എം.പി11-407(13)/18 തീ.23.02.18 |
| 2004-05 | കെ.എസ്.എ.കെ.എൽ.എം.പി11-407(14)/18 തീ.23.02.18 |
| 2005-06 | കെ.എസ്.എ.കെ.എൽ.എം.പി11-407(15)/18 തീ.23.02.18 |
| 2006-07 | എൽ.എഫ്.ക്യൂ.പി3/1395/14 തീ: 24.06.14 |
| 2007-08 | എൽ.എഫ്.ക്യൂ.പി3/1395/14 തീ: 24.06.14 |
| 2008-09 | എൽ.എഫ്.ക്യൂ.പി3/1395/14 തീ: 24.06.14 |
| 2009-10 | എൽ.എഫ്.ക്യൂ.പി3/1395/14 തീ: 24.06.14 |
| 2010-11 | എൽ.എഫ്.ക്യൂ.പി3/1395/14 തീ: 24.06.14 |
| 2011-12<br>2012-13 | കെ.എസ്.ഐ-കെ.എൽ.എം-പി3/1924/15 തീ: 06.02.16. |
| | |

| | |
|---|---|
| 2013-14<br>2014-15 | കെ.എസ്.ഐ-കെ.എൽ.എം-പി3/832/16 തീ: 23.05.16. |
| 2015-16 | കെ.എസ്.ഐ-കെ.എൽ.എം-പി3 /1789/16-09-01-2017 |
| 2016-17 | കെ.എസ്.ഐ-കെ.എൽ.എം-പി11/ 1726/17, 28.10.2017 |
| 2017-18 | കെ.എസ്.ഐ-കെ.എൽ.എം-പി11/ 1726/18, 28.10.2017 |
| 2018-19 | കെ.എസ്.ഐ-കെ.എൽ.എം-പി11/ 427/2020, 10.06.2020 |

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കൊല്ലം.

## അനുബന്ധം-1

## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2019-2020 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ കൊല്ലം ജില്ലയിലെ മൈലം ഗ്രാമപഞ്ചായത്തിന്റെ 2019-2020-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)<br>
ജില്ലാ ഓഡിറ്റ് കാര്യാലയം, കൊല്ലം<br>
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2
## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

കൊല്ലം ജില്ലയിലെ മൈലം ഗ്രാമപഞ്ചായത്തിന്റെ 2019-2020 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)
ജില്ലാ ഓഡിറ്റ് കാര്യാലയം, കൊല്ലം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

# അനുബന്ധം 3

## അനുബന്ധപത്രികകൾ

| | | |
|---|---|---|
| 1 | റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ് | സംക്ഷിപ്തം (Audited Abstract) |
| 2 | ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് | |
| 3 | ബാലൻസ് ഷീറ്റ് | |

ഡെപ്യൂട്ടി ഡയറക്ടർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഫീസ്, കൊല്ലം